പോത്തുക്കര

ഒപ.ബ. തോമ്മാമല്പാനച്ചൻ

ശതാബ്ദസ്മാരകം

1846—1946



Published from
Sales' Press, Kuttayam.
1946

MARAM
90.2
84
BRARY
K 90.2
P84

Reference

Not to be taken Out

duplicate

പോത്തുക്കര

പൊ. ബ. തോമ്മാമല്പാനച്ചൻ

ശതാബ്ദസ്മാരകം


1846—1946

DHARMARAM COLLEGE
LIBRARY
BANGALORE
K90'2
P 84

Published from
St. Francis Sales' Press, Kottayam.
1946

MARAM COLLEGE LIBRARY
Acc No 51852
Call No K90-2/P84
AR.

ശതാബ്ദസ്മാരകം



പോരുക്കര

പെ. ബ. തോമ്മാമല്പാനച്ചൻ

1846—1946

A· M· D· G·

പ്രസ്താവന.

കേരളസുറിയാനി കത്തോലിക്കാസഭയുടെ അടിസ്ഥാനമിട്ട വന്ദ്യ പോരൂക്കര തോമ്മാമല്പാനച്ചൻ ഭാഗ്യമരണം പ്രാപിച്ചിട്ട് ഒരു നൂറാണ്ടു തികഞ്ഞതു് 1946 ഫെബ്രുവരി 8–ാംന്നു-യായിരുന്നു. സുസ്മരണീയമായ ഈ ശതവത്സരപൂർത്തി ആഘോഷിക്കപ്പെടുന്ന ഈ അവസരത്തിൽ പരേതന്റെ ഒരു ജീവചരിത്രം പ്രസിദ്ധീകരിക്കുന്നതു സമുചിതമായിരിക്കുമല്ലൊ. അദ്ദേഹത്തിന്റെ ജീവിതചരിത്രവിവരങ്ങൾ ഗ്രഹിക്കുന്നതിനു, കുട്ടിക്കാലം മുതൽ മരണശയ്യവരെ അദ്ദേഹത്തോടൊന്നിച്ചു ജീവിക്കയും, മരണശയ്യയിൽ അദ്ദേഹത്തെ അടുത്തു പരിചരിക്കയും ചെയ്ത സ്വന്തസഹോദരൻ പോരൂക്കര കുഞ്ഞുക്കോസ് ഏലീശാച്ചൻ സ്വന്തകരങ്ങളാൽ രേഖപ്പെടുത്തിയിട്ടുള്ള സ്മരണപുരുഷന്റെ ജീവചരിത്രത്തേക്കാൾ വിശ്വസനീയമോ ഉത്തമമോ ആയ മറ്റൊരു രേഖ ഇല്ലാത്തതിനാൽ അതിനെ മുഖ്യ ആധാരമാക്കിക്കൊണ്ടു ആ വന്ദ്യപിതാവിന്റെ ജീവിതവൃത്താന്തത്തിലെ പ്രധാന വിവരങ്ങൾ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

കേരളകത്തോലിക്കരുടെ ആത്മീയോൽക്കർഷത്തിനു സുകരമായ ഒരു മാർഗ്ഗം വെട്ടിത്തെളിക്കേണ്ടതു അത്യാവശ്യമാണെന്നു സ്മരണപുരുഷന്റെ പിതാവു പോരൂക്കര ഇട്ടിക്കുഞ്ഞിയിളത്തരകനു നേരത്തെ അഭിപ്രായം ഉണ്ടായിരുന്നു. അതിനുള്ള ഉത്തമമാർഗ്ഗം ഒരു സന്ന്യാസസഭാസ്ഥാപനമാണെന്നു തരകനു അഭിപ്രായമുണ്ടായിരുന്നതായി വേണം ഗ്രഹിച്ചിട്ടു നടന്ന സംഭവപരമ്പരകളിലും അനുഭവങ്ങളിലും നിന്നു സകാരണം അനുമാനിക്കുവാൻ. ഈവംവിധമുള്ള ഒരു നവീനപ്രസ്ഥാനത്തിനു നടനാട്ടുവാൻ പോരൂക്കര അച്ചനെ പ്രേരിപ്പിച്ചതും അതിനുള്ള പ്രചോദനം കാലേക്കൂട്ടി നൽകിയതും തരകനല്ലാതെ മറ്റാരുമായിരുന്നില്ല. "തന്റെ പിതാവിന്റെ ശൂന്യമാക്കിയ തക്കവണ്ണം ലോകപ്രപഞ്ചങ്ങളിലും വീട്ടുകയ്യ്

ങ്ങളിലും കലരാതെ ദൈവശുശ്രൂഷയിൽ കാലം പോകണമെന്നുള്ള അഗ്രഹപ്രകാരം" സഭാസ്ഥാപനശ്രമങ്ങളിൽ ഇട്ടേഹം ഉദ്യുക്തനായി എന്നും "കർബാനപട്ടം ഏറ്റുവാങ്ങൽ നമുക്കു രണ്ടുപേർക്കുംകൂടി വാഴ്വനവാസത്തിലും പൊയ്ക്കൊള്ളാം" എന്നു ഇട്ടേഹം ഒരിക്കൽ പറയുകയുണ്ടായി എന്നും മേഖപ്പെട്ടത്തി കാണുന്നതിൽനിന്നു ആദ്യം മുതൽക്കേ മനസ്സിൽ ശുദ്ധമുഷമായിരുന്നതാണു് ഈ ആശയം എന്നു പ്രസ്പഷ്ടമാകുന്നു. മാതാപിതാക്കന്മാരിൽനിന്നല്ലാതെ മറ്റു ആരിൽനിന്നാണു ഈദൃശ അഭിലാഷങ്ങൾ ശിശുക്കളിൽ ചേരുന്നതു?. പ്രത്യേകിച്ചും അന്നത്തേതുപോലെയുള്ള ഒരു കാലത്തു്. ദൈവഹിതം ഓരോരോ കാലത്തു ഓരോരോ വിധത്തിലും സാഹചര്യങ്ങളിലും നിറവേറുന്നതായി നാം കണ്ടിട്ടുണ്ടു്, ഇന്നു കണ്ടുംവരുന്നു. അതിനു് ഓരോ വ്യക്തികളെ ഉപകരണങ്ങളാക്കാറുമുണ്ടു്. കേരളകർമ്മലിത്താസഭാസ്ഥാപനത്തിനു ഇട്ടേഹം ഒരു കരുവായിത്തീരണമെന്നുള്ളതു ദൈവഹിതമായിരുന്നു. അതിനുള്ള പ്രചോദനം പിതാവിൽനിന്നു ലഭിച്ചു, പിതാവു അതിനുമാത്രം പരിപക്വമാനസനും പരിശുദ്ധചിത്തനുമായിരുന്നു താനും.

ബാലൻ വൈദികവിദ്യാഭ്യാസത്തിനു നിയുക്തനായി. 1817 ഇടവം 17-ാംനു- ആസ്പ്പാട്ട പട്ടം ഏറ്റു; 1823 കന്നി 22-ാംനു- പൗരോഹിത്യപദവിയിലേക്കുയർത്തപ്പെട്ടു. ആ പാരമായ ദൈവഭക്തി, അനന്യസാധാരണമായ കായ്ശേഷി, അക്ഷീണമായ പരിശ്രമശീലം പ്രസംഗത്തിനൊത്ത പ്രവൃത്തി എന്നിത്യാദി ഗുണവിശേഷങ്ങൾ പോരുക്കര അച്ചനിൽ സവിശേഷം പ്രശോഭിച്ചിരുന്നതു അട്ടേഹത്തോടടുത്തിട്ടുള്ളവരെയെല്ലാം ആകർഷിച്ചിരുന്നു. കല്ലുക്കാട്ടും, തങ്കച്ചേരിപുത്തമ്പള്ളിയിലും നടത്തിയ ഇടവക ഭരണത്തോടെ തട്ടേശവാസികളുടെ ഇടയിൽ ഇട്ടേഹത്തെപ്പറ്റി ഉണ്ടായ മതിപ്പു് ഇതിനു ഉത്തമോദാഹരണമായി ചൂണ്ടിക്കാണിക്കാം. പ്രവൃത്തി ക്രൂടാതെയുള്ള ഉപദേശത്തിനു വലിയ വിലയ്ക്കാതാക്കൾ കല്പിക്കാറില്ല. ഇക്കാലത്തെന്നതുപോലെ അന്നും അങ്ങനെ ആയിരുന്നിരിക്കുമെ വഴിയുള്ളു. സുമാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചും ഭക്തജീവിതത്തിൽ ഗതിനിലച്ചും ഈശ്വരവിശ്വാസത്തിലും മതാനുഷ്ഠാനങ്ങളിലും മന്ദീഭവിച്ചും ജീ

വിതം നയിച്ചിരുന്ന പലരെയും പോത്തുക്കര അച്ചൻ നിഷ്പ്രയാസം പറയത്തക്ക ക്ലേശങ്ങൾ ഒന്നുംകൂടാതെ, മാനസാന്തരപ്പെടുത്തി കർമ്മോന്മുഖരാക്കിയിരുന്നതായി ഏതാണ്ടു അശ്ചര്യപൂർവ്വം കയ്യാക്കോസച്ചൻ രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധാർഹമാണ്.

1828—ൽ ഇട്ടേഹം പരാപ്പുഴ മെത്രാനച്ചൻ തിരുമനസ്സിലെ സെക്രട്ടറിയായി നിയമിക്കപ്പെട്ടു. തന്റെ ഉദ്ദേശ്യസാക്ഷാത്തിനു് ഉപരിസഹായകമായ ഒരു സൗഹചര്യമായിരുന്ന ഇതു്. സഹമിത്രമായിരുന്ന പാലക്കൽ തോമ്മാമല്പാന്റെയും ചാവറ കയ്യാക്കോസച്ചന്റെയും സാഹായ്യ സഹകരണങ്ങൾ അവിടെവച്ചു ഇതിലേയ്ക്കു നേടി. മൂവരും ഇതിൽ ആത്മാർത്ഥമായും അക്ഷീണമായും പരിശ്രമിച്ചു. അതു വിജയമാകുടം ചൂടി; സഭാസ്ഥാപനത്തിനുള്ള അനുമതി സുഖിപ്പിനി മെത്രാൻ ഇവക്കു നൽകി. ഈ അനുമതി സിദ്ധിച്ചു എങ്കിലും സ്ഥാനം തേടി പിടിക്കുന്നതിനും അനുയോജ്യമായി ആദ്യം കടമാളർ കണ്ടെത്തിയ സ്ഥാനം ഉപയോഗപ്പെടുത്തുന്നതിനും പ്രതിബന്ധങ്ങൾ പലതുണ്ടായി. ഒടുവിൽ മാന്നാനത്തു വന്നുചേർന്നു. 1831 ഏപ്രിൽ മാസത്തിൽ മലയിറ്റത്തെത്തിച്ചു പോത്തുക്കര തോമ്മാച്ചൻ ഒരു കുരിശു നാട്ടി. അതാണു മാന്നാനം ആശ്രമത്തിന്റെ അടിസ്ഥാനം, അഥവാ കേരളകർമ്മലീത്താസഭാചരിത്രത്തിന്റെ ആരംഭം.

പ്രവൃത്തിയിൽനിന്നുവേണമല്ലോ വിശുദ്ധസദ്ഗുണത്തെ അളക്കുവാൻ. മലയേയും ഇളക്കുമാറു, ശീലയേയും അലിയിക്കുമാറു ഉള്ള വിശ്വാസസദ്ഗുണമാണ് ഈ സഭാസ്ഥാപകനിൽ ഉണ്ടായിരുന്നതു എന്നുള്ളതിനെ ഈ കുരിശുനാട്ടൽ കഴിഞ്ഞ ഉടനെ നടന്ന ഒരു സംഭവം ഉദാഹരിക്കുന്നുണ്ട്. ദൈവപരിപാലനയുടെ ഒരു പ്രത്യക്ഷലക്ഷ്യമായും അതിനെ വീക്ഷിക്കാം. കുരിശുനാട്ടൽ കഴിഞ്ഞു അവിടെക്കൂടിയിരുന്നവരെല്ലാം മലയിറങ്ങുകയിൽ ആ കൂട്ടത്തിൽപെട്ടിരുന്ന പാലാക്കാരൻ ഉള്ളാട്ടത്തറെ ശമ്മാശ്ശന്റെ പുത്രനെ 'പിശാചു തിണ്ടുവാൻ' ഇടയായി. കടിയേറ്റ ആ ബാലൻ തൽക്ഷണം തന്നെ മോഹാസ്യപ്പെട്ടു നിലം പതിച്ചു. കൂടിയിരുന്നവർ ഇതികർത്തവ്യതാമൂഢരായി. പോത്തുക്കരെ അച്ചനിൽ അപ്പോഴുണ്ടായ

ചേതോവികാരങ്ങൾ എന്താണെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ അമ്പരപ്പിന്റെ ഭാവമൊന്നും അദ്ദേഹത്തിൽ ദൃശ്യമായിരുന്നില്ല. വിഷഹാരിയെ തേടി ഓടുവാൻ തുടങ്ങിയില്ല, അതിനോടും ആവശ്യപ്പെട്ടുമില്ല. കുറെ വിശുദ്ധജലംകൊണ്ടുചെല്ലുവാൻമാത്രം അദ്ദേഹം വളരെ ശാന്തനായി ആവശ്യപ്പെട്ടു. വിഷത്തിനു ഒരു കൈകണ്ട പ്രതിവിധിപ്രയോഗിക്കുന്ന മൈദ്യനുള്ള സംതൃപ്തിയോടെ അദ്ദേഹം വിശുദ്ധജലം രോഗിയുടെ മേൽ തളിച്ചു. രോഗി അധികം താമസിയാതെ എഴുന്നേറ്റു പോയി എന്നും പെ. ബ. പ്രിയോർ കുറിയാക്കോസ് അച്ചൻ രേഖപ്പെടുത്തിയിരിക്കുന്നു.

1831 മെയ് 11—ാംനു- സുബിലീനി മെത്രാന്റെ സന്നിധ്യത്തിൽ ചാവറ കുര്യാക്കോസ് മല്പാൻ, പാലയ്ക്കൽ തോമ്മാമല്പാൻ ഇവരുടെ സഹകരണത്തോടെ മാന്നാനത്തു വി. യൗസേപ്പുപിതാവിന്റെ നാമധേയത്തിൽ ഇന്നു കാണുന്ന ദേവാലയത്തിനു കല്ലിട്ടു. മലമുകളിൽ ഉപരി സൂചിപ്പിച്ചിട്ടുള്ള കപ്പേള തയ്യാറാക്കി പന്തക്കുസ്താ തിരുനാൾദിനം പോരൂക്കര തോമ്മാച്ചൻതന്നെ പ്രഥമ ദിവ്യബലിയും അർപ്പിച്ചു.

പിന്നീടു പണികൾ മുറയ്ക്കു തുടർന്നുപോന്നു. ഇതിനിടയിലാണു പതർവാദപ്രമാണിച്ചുള്ള ക്ഷിദ്രം നാട്ടിൽ പൊട്ടിപ്പുറപ്പെട്ടതു്. കൊല്ലം, കോട്ടാർ പ്രദേശങ്ങളിലേക്കു ഇദ്ദേഹത്തെ നിയോഗിച്ചതനുസരിച്ചു പോരൂക്കര തോമ്മാച്ചൻ മാന്നാനം വിട്ടു. ഉദ്ദേശം രണ്ടുകൊല്ലത്തോളം പോരൂക്കര തോമ്മാച്ചൻ ഈ ജോലിയിൽ ബദ്ധശ്രദ്ധനായി കഴിഞ്ഞു. ഒടുവിൽ രോഗബാധിതനായി മടങ്ങി. 1843 ആയപ്പോൾ രോഗം വർദ്ധിച്ചു. ചികിത്സാർത്ഥം കുറെനാൾ കല്ലൂക്കാട്ടു പോയി താമസിച്ചു. അന്ത്യം ഏതാണ്ടു ആസന്നമായെന്നു ബോദ്ധ്യമായതിനാൽ അന്ത്യക്രമാശകളെല്ലാം സ്വീകരിച്ചശേഷം വള്ളത്തിൽ മാന്നാനത്തേക്കു തിരിച്ചു. അശ്രമത്തിൽ കിടന്നു തന്റെ ദേഹിയെ നിത്യപിതാവിന്റെ കരങ്ങളിൽ അർപ്പിക്കണമെന്നു ഇദ്ദേഹത്തിനു ആഗ്രഹമുണ്ടായിരുന്നു. അതും നിറവേറി. 1846 മകരമാസം 8—ാംനു- വ്യാഴാഴ്ച – രാത്രി 12 മണി – രോഗി പെട്ടെന്നു ഒന്നുണർന്നു. "എത്ര മണി ആയിരിക്കുന്നു എന്നു പറഞ്ഞ ഉടൻ ഞാൻ അനുഭവിക്കുന്ന സങ്കടങ്ങൾ പ്രായശ്ചിത്തമായി സ്വീകരിക്കുകയും

ണ്ട ഏന്റെ ദോഷങ്ങൾ പോക്കിക്കൊള്ളണം എന്നു പറഞ്ഞു കൊണ്ട മുട്ടിന്മേൽ താൻ ഇരിക്കുംവണ്ണം കട്ടിലേൽ ഒരുത്തൻ താങ്ങിക്കൊണ്ടിരിക്കുമ്പോൾ കയ്യെടുത്തു ചേർച്ചയായിട്ട കരിശുവരച്ചു, തുങ്ങപ്പെട്ട രൂപം മേടിച്ചു അഞ്ചുമുറിവുകളെയും മുത്തി പ്രാർത്ഥിച്ചു ദേവമാതാവിന്റെം സ്വരൂപവും സാവധാനത്തിൽ ഭക്തിയായി മുത്തിക്കൊടുത്തുടൻ തല ചായിച്ചു മിണ്ടാഞ്ഞി.... മരിച്ചു" ശാഖോപശാഖകളോടെ ഇന്നു കേരളമാകെ വ്യാപിച്ചിരിക്കുന്ന കേരളകത്തോലിക്കാസഭാസ്ഥാപകൻ അങ്ങനെ എന്നേക്കുമായി കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തു.

ഒരുനൂറിൽപരം സംവത്സരങ്ങൾക്കു മുമ്പു നട്ട ആ വിത്തു മുളച്ചുവളർന്ന്, അമൂല്യങ്ങളായ ഫലങ്ങൾ പലതും പ്രദാനം ചെയ്തു. കൃതജ്ഞതാപൂർവ്വം അതു അനുസ്മരിക്കുന്നതോടെ സഭാസ്ഥാപകനു അനുരൂപരായ അനന്തരഗാമികൾ ഇനിയും സഭയിൽ ധാരാളം ഉണ്ടായി കാലാനുക്രമമായ ഉപരിഫലങ്ങൾ സഭയ്ക്കും സമുദായത്തിനും നാടിനും നാട്ടുകാർക്കും ഉണ്ടാകുവാനിടയാകട്ടെ എന്നു ഹൃദയപൂർവ്വം ആശംസിക്കയും ചെയ്യാം.

പ്രസാധകൻ

ആശംസാലേഖനം

ചങ്ങനാശേരിരൂപതയുടെ മെത്രാൻ മാർ ജെയിംസ് കാളാശ്ശേരി തിരുമനസ്സുകൊണ്ട്.

കേരളത്തിലെ പഴയക്രാ൦ സുറിയാനി സമുദായത്തിലെ മഹാരഥന്മാർ എന്ന വിശേഷണത്തിനു സർവ്വഥാ അർഹരായ വ്യക്തികളിൽ ചിലരാണ് പാലക്കൽ ബ. തോമ്മാമല്പാനച്ചൻ, പോളക്കരെ ബ. തോമ്മാമല്പാനച്ചൻചാവറെ ബ. കുര്യാക്കോസ് അച്ചൻ മുതലായവർ. കേരളത്തിലെ കത്തോലിക്കസഭയുടെയും സമുദായത്തിന്റെയും ചരിത്രത്തിന്റെ ഏടുകളിലൂടെ ഒന്നു കണ്ണോടിക്കുകയെങ്കിലും ചെയ്തിട്ടുള്ളവരോട് ഈ മഹാരഥന്മാർ അഭിനയിച്ചിട്ടുള്ള ഭാഗങ്ങളെപ്പറ്റി വിശേഷവിധിയായി ഏതെങ്കിലും പറയേണ്ടതായിട്ടില്ല. യശശ്ശരീരരായി ഭവിച്ചിരിക്കുന്ന ഇവരുടെ സേവനങ്ങൾ അത്യന്തം സുവിദിതങ്ങളാണ്, നേട്ടങ്ങൾ അത്ഭുതപൂർവ്വകമായ അനുസ്മരണത്തിന് അർഹങ്ങളുമാണ്. കേരളകർമ്മവിജ്ഞാസഭ ഇവരുടെ ശാശ്വതസ്മാരകമായി നിലകൊള്ളുന്നു. സന്യാസജീവിതം പരിശുദ്ധമാക്കണമെന്നായിരുന്ന തീവ്രമായ അഭിവാഞ്ഛയുടെ മുഖം വെളിയിലുറന്നതാണ് ഈ കർമ്മവിജ്ഞാസഭാവാടി. അചഞ്ചലമായ ഈശ്വരവിശ്വാസം ഒന്നുമാത്രമായിരുന്ന ഈ സംരംഭത്തിൽ അവർക്കുണ്ടായിരുന്ന പിൻബലം. സ്വജനങ്ങളുടെ ഔദാര്യം മാത്രമായിരുന്ന അവർക്കുണ്ടായിരുന്ന ധനം. അവർ നട്ട വിത്തു മുളച്ചു, വളർന്നു, വികസിച്ചു, സൽഫലങ്ങൾ ധാരാളം പുറപ്പെടുവിച്ചു, ഇപ്പോഴും പുറപ്പെടുവിച്ചുകൊണ്ടും ഇരിക്കുന്നു. ഇതിന്റെ വിശദാംശങ്ങളിലേയ്ക്കു കടക്കുന്നില്ല, അതിന്റെ ആവശ്യവുമില്ല.

കേരളകേസരിയുടെ ഒരു അഭിമാനസ്തംഭമായി, കേരളകത്തോലിക്കാസഭയുടെ വ്യക്തമായ ഒരു പ്രകാരമായി സ്ഥിതി ചെയ്യുന്ന ഈ സഭയുടെ സ്ഥാപകരിൽ പ്രഥമഗണനീയനായി എടുക്കാവുന്ന പോളുക്കരെ ഫെ.ബ്രു തോമ്മാമല്ലാന്റെ ചരമശതാബ്ദപൂർത്തി ഇക്കഴിഞ്ഞ ജനുവരി 8–ാംനു-യായിരുന്നു. ഈ ശതാബ്ദപൂർത്തി സഭയുടെ മാതൃഭവനമായ മാന്നാനത്തു സവിശേഷമായി അനുസ്മരിക്കപ്പെടുന്നതു സമുചിതമാണു്. നാമും അതിൽ സന്തോഷിക്കുന്നു. സഭാസ്ഥാപകപിതാക്കളുടെയും അനുയോജ്യരായിരുന്ന അനന്തരഗാമികളുടെയും സംഘാതപരിശ്രമഫലമാണു് ഈ നാം കാണുന്ന കത്തോലിക്കാസഭയെങ്കിലും അതിനു നടനാട്ടിയവരിൽ അഗ്രിമസ്ഥാനി, കത്തോലിക്കാ സഭയുടെ പ്രഥമഭവനത്തിനു മാന്നാനത്തു ശിലാസ്ഥാപനം നടത്തുകയും രോഗാതുരനായി ദൂരെ രംഗത്തു ശയ്യാവലംബിയായിരുന്നിട്ടും കായക്ലേശം വകവയ്ക്കാതെ മാന്നാനത്തുവന്നു, താൻ നട്ട സഭയുടെ പോഷണത്തിനോ എന്നു തോന്നുമാറു അവിടെവച്ചു സ്വജീവനെ നിതൃപിതാവിൻകൈൽ അക്ഷരാർത്ഥത്തിൽ സുബോധത്തോടെ സമർപ്പിക്കയും ചെയ്ത ഈ തൃശിവയ്നാണെന്നു പറയാം. ആ ദേഹത്തിന്റെ ചരമശതാബ്ദപൂർത്തി സ്മാരകമായി പ്രസിദ്ധപ്പെടുത്തുന്ന ഈ ലഘുഗ്രന്ഥത്തിനു ഒരു അവതാരിക എഴുതുവാൻ ഇടയായതിൽ നിസ്സീമമായ ചാരിതാർത്ഥ്യമുണ്ടു്.

മലങ്കരയിലെ പാശ്ചാത്യമിഷനറിപ്രവർത്തനം ആരംഭിക്കുന്നതിനു കീഴിൽ ഇരുന്ന ചില ഇടവകക്കാർ മാപ്പിളമാരെ അനുസരിക്കുവാൻ മടിച്ചതും പാശ്ചാത്യമിഷനറിമാരിൽതന്നെ തുടരാൻ ശഠിച്ചതുമായ ചരിത്രസംഭവങ്ങൾ പാഠ്യപുസ്തകങ്ങളിൽ ചിലരെങ്കിലും അനുസ്മരിക്കുന്നുണ്ടാവും. പാശ്ചാത്യമിഷനറിപ്രവർത്തനം നിറുത്തുന്നതിനു മുൻപു് കൊച്ചിരൂപതാസീമയിൽ ചില ഭാഗങ്ങളിൽ പൊട്ടിപുറപ്പെട്ടുനിടയായ ചില അസ്വസ്ഥതകളും കഴിഞ്ഞ ഒരു ശതാബ്ദകാലത്തിനിടയിലെ സംക്ഷേപപരമ്പരകളുമാണു്. അക്കാലസന്ധിയിൽ ലോകവ്യാപാരവ്യവഹാരാദികളിൽനിന്നു ഏതാണ്ടു പരിച്ഛേദം അകന്നു ആദ്ധ്യാത്മികജീവിതം നയിച്ചിരുന്ന ഇദ്ദേഹം അന്നത്തെ വരാപ്പുഴമെത്രാന്റെ ആജ്ഞയും അഭിലാഷവും അനുസരിച്ചു, വിവിധാവശ്യങ്ങളുടെ തിരുസ്സഭാസേവനകർത്തൃത്വങ്ങളിലും സമാ

ധ്യാനസ്ഥാപനയത്നങ്ങളിലും എപ്പെട്ട സഫലമായി പ്രവർത്തിച്ചതു സാദരസ്മരണയെ അർഹിക്കുന്നതാണ്. ഇദ്ദേഹം നട്ടുവളർത്തിയ കർമ്മലീത്താസഭ പിൽക്കാലത്തു കത്തോലിക്കസുറിയാനിസഭയെ ചില വിപത്തുകളിൽനിന്നു രക്ഷിച്ചതുകൂടി അനുസ്മരിക്കുമ്പോൾ ഇദ്ദേഹം ദൈവപരിപാലനയുടെ വിദഗ്ധഹസ്തങ്ങളിലെ ഒരുപകരണമായിരുന്നു എന്നു തോന്നിപ്പോകുന്നതിൽ അസംഗത്യമില്ല. തീവ്രമായ ഈശ്വരഭക്തി, ദൈവപരിപാലനയിൽ അനന്യസാധാരണമായ വിശ്വാസം, സർവ്വോപരി ആത്മാക്കളുടെ രക്ഷയിൽ അതിരറ്റ ആഗ്രഹം ഇവയാണു സ്മർത്ത്യപുരുഷനെ അദ്ദേഹത്തിന്റെ പരിയത്നങ്ങളിലെല്ലാം നയിക്കയും നിയന്ത്രിക്കയും ചെയ്തിരുന്നതു എന്നുള്ളതിനു അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ ഉദാഹരണങ്ങൾ സുലഭമാണ്. അക്കാലമെല്ലാം കഴിഞ്ഞു, ലോകം 'ഏകലോക' ദീക്ഷണകോടിയോടു സമീപിച്ചു, അനേക ലോകൗഘരെ പുരോഗമിച്ച വിപത്തുകൾ ഇന്നും ഇനിയും സംഭവിച്ചുകൊണ്ടിരിക്കുന്നു. ആധ്യാത്മികാനുലോകൗഘകളായ പ്രാർത്ഥന, പ്രായശ്ചിത്തം ജപതപങ്ങൾ ഇവയെ നാം ശരണീകരിക്കേണ്ടിയിരിക്കുന്നു. ഏതു ദുരന്തങ്ങളിലും കർത്തൃകൃപയെ ആശംസിക്കുന്ന സുമാത്മാവിൽനിന്നു അറിഞ്ഞോ അറിയാതെയോ വ്യതിചലിക്കാതിരിക്കുന്നതിനും വഴി പിഴയ്ക്കാതിരിക്കുന്നതിനും പ്രയാണത്തിൽ ഏതു സംഘചക്രങ്ങളിലും ഗതി നിലയ്ക്കാതിരിക്കുന്നതിനും പോരുക്കരെ മല്പാനച്ചനെപ്പോലെയുള്ള കർമ്മശൂരന്മാരും ധർമ്മധീരന്മാരുമായവരുടെ മാതൃകകൾ നമുക്കു വളരെ ഉപകരിക്കും. അദ്ദേഹത്തിന്റെ മാതൃകകളുടെ പ്രചോദനം നമ്മിൽ ഉണ്ടാകട്ടെ. ആയുഷ്കാലം സജീവമായ തിരുസഭാസേവനത്തിനു വിനിയോഗിച്ച ഇദ്ദേഹം ദീർഘദൃഷ്ടിയോടെ ആരംഭിച്ച പ്രസ്ഥാനം പിൽക്കാലത്തു തിരുസഭയ്ക്കു പ്രയോജകീഭവിച്ചതുപോലെ ഇദ്ദേഹത്തിന്റെ ചരമശതാബ്ദപൂർത്തി സ്മരണയും തത്തുല്യമായ ഒരു ഫലം പ്രദാനം ചെയ്യുവാൻ ഇടയാകട്ടെ എന്നു നാം ആശംസിക്കുന്നു.

✠ J. Kalacherry,
Bishop of Changanacherry,

14th April 1946.

കെ. നി. മൂ. സ.

പ്രിയോർ ജനറാളച്ചന്റെ ഒരു കത്ത്.

കേരള കത്തോലിക്കാസഭയുടെ സ്ഥാപകന്മാരിലൊരാളായ പോരൂക്കര ഫാ. ജോ. തോമ്മാ മല്പാനച്ചന്റെ ചരമശേഷം ഒരു ശതാബ്ദം പൂർത്തിയാകുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന്റെ ജീവിതത്തിന്റെയും പ്രയത്നങ്ങളുടെയും ഈ ചുരുങ്ങിയ വിവരണം ആശ്രമ നാളാഗമത്തിൽനിന്നു എടുത്തു പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്തുന്നതു സമുചിതമാകുന്നു. കേരളസഭയുടെ കഴിഞ്ഞ നൂറാണ്ടിന്റെ ചരിത്രത്തിന്റെ പ്രകാശത്തിൽ നോക്കുമ്പോൾ ഈ വന്ദ്യ വൈദികന്റെ പരിശ്രമങ്ങളും സേവനങ്ങളും വീരോചിതങ്ങൾതന്നെയെന്നു കാണാവുന്നതാണ്. ഈ മഹദ്ഗ്രന്ഥപാരായണം തൃപ്തിസമ്പന്നവും വിശുദ്ധവുമായ ജീവിതം നയിക്കുന്നതിനു ഏവർക്കും പ്രചോദനം നൽകുമെന്നു പ്രത്യാശിക്കുന്നു.

കെ. നി. മൂ. സ. പ്രിയോർ ജനറാൾ,
ഈശോ മറിയത്തിന്റെ
യോഹന്നാൻ മക്കുമാൻസ് പട്ടക്കാരൻ.


എറണാകുളം,
1946 ഏപ്രിൽ 23

കേരള കമ്മെല്വീത്താസഭ

ഒരു അവലോകനം.

മനോമോഹനങ്ങളായ കുസുമങ്ങളാലും പരിപക്വങ്ങളായ മധുരഫലങ്ങളാലും നിബിഡമായ നിരവധി ശാഖോപശാഖകളോടുകൂടി നിലകൊള്ളുന്ന ഭീമാകാരമായ ഒരു വൃക്ഷത്തെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ശക്തി ഏറ്റം ചെറുതായ ഒരു ബീജത്തിൽ നിക്ഷിപ്തമായിരിക്കുന്നു എന്നതു നമുക്കത്യന്തം ആശ്ചര്യകരമായി തോന്നുന്നു. എന്നാൽ ഇതിലുംഏറ്റക്കുണ്ടത്ഭുതാവഹമായ ഒരു ശക്തിയാണു കാൽവരി മലമുകളിൽ നിസ്സഹായനായി ക്രൂശിൽ തൂങ്ങിക്കിടന്ന ആ ലോകഗുരുവിന്റെ ദുർബ്ബലതയിലും മരണത്തിലും അന്തർഭവിച്ചിരുന്നതു്! അതേ, നാശോൻമുഖമായിരുന്ന അജ്ഞാനലോകത്തെ സുവിശേഷകിരണങ്ങളാൽ ശോഭയമാനമാക്കി കിരാതത്വത്തിന്റെ മധ്യേ അജയ്യമായ ക്രിസ്തീയ നാഗരികതയെ നട്ടുന്നതിനും സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സേവനത്തിന്റെയും വിസ്മയാവഹങ്ങളായ വിരകൃത്യങ്ങൾ ചെയ്യുന്നതിനും ഈ രണ്ടായിരം വർഷങ്ങളോളം കോടാനുകോടി ജനങ്ങൾക്കു പ്രചോദനം നൽകിയിട്ടുള്ളതും നൽകിക്കൊണ്ടിരിക്കുന്നതുമായ ശക്തിവിശേഷമാണു ക്രിസ്തു ക്രൂശിൽവച്ചു പീഡകളുടെ പാരമ്യത്തിൽ നേടിയ കൃപാവരബീജത്തിൽ അടങ്ങിയിരിക്കുന്നതു്. പ്രസ്തുത കൃപാവരത്തിന്റെ പ്രബുദ്ധതയുടെയും വികസനത്തിന്റെയും അത്ഭുതഫലമാണു ലോകവ്യാപകമായ കത്തോലിക്കാസഭയെങ്കിൽ, അതിന്റെ ശാഖകളിൽ ഏറ്റം ഫലസമൃദ്ധങ്ങളായവയത്രെ സന്ന്യാസസഭകൾ. അവയിൽ പുരാതനത്വംകൊണ്ടു അദ്വിതീയവും പുണ്യസൌരഭ്യംകൊണ്ടു പ്രകീർത്തിതവുമായ കർമ്മല സഭാശാഖയിൽ, കേരള കർമ്മലീത്താസഭ ഒരുപശാഖയെന്നോണം വളർന്നു കേരളീയർക്കു തണ്ണും തണലും നൽകുന്നതിനു

കാലത്തിന്റെ തികവിൽ ദൈവപരിപാലന നിമ്മിച്ച ഒരു കണം (cell) ആയിരുന്നു, സന്യാസസഭാസ്ഥാപനം സംബന്ധിച്ചു പെ. ബ. പോത്തുക്കരയച്ചനിൽ അങ്കുരിച്ച ആശയം. ഈ ആശയകണം പാലയ്ക്കൽ പെ. ബ. തോമ്മാ മല്പാനച്ചന്റെ പരിപക്വമായ ആലോചനയോടും ചാവറ പെ. ബ. കുറിയാക്കോസച്ചന്റെ ധീരവും ത്യാഗപൂർണ്ണവുമായ സഹകരണത്തോടും പരിശ്രമത്തോടുംകൂടി വളർന്ന് എങ്ങനെ ഫലങ്ങൾ പുറപ്പെടുവിച്ചുവെന്ന സംക്ഷിപ്തമായിട്ടെങ്കിലും അനുസ്മരിക്കുന്നു ഈ ലഘുഗ്രന്ഥത്തിന്റെ പൂർണ്ണതയ്ക്കുതകുമെന്നതിനു പുറമെ, ഏതൊരു പുണ്യപുരുഷന്റെ ചരമശതാബ്ദം ആഘോഷിക്കുന്നുവോ ആ ദേഹത്തോടും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തോടും കേരളജനതയ്ക്കുള്ള കൃതജ്ഞതയെ ഉണർത്തുന്നതിനും പര്യാപ്തമാകുമെന്നു വിശ്വസിക്കുന്നു.



(മാന്നാനംകുന്നിൽ നിന്നു
പടിഞ്ഞാറോട്ടു വേമ്പനാട്ടുകായൽ
വരെയുള്ളതിരമണീയ കാഴ്ച.)

മാന്നാനത്തു് 1831—ൽ സാമർത്ഥ്യമായ സന്യാസസംഘത്തിന്റെ ശൈശവദശയിൽ തന്നെ പ്രാരംഭകേപിതാക്കന്മാരിൽ പാലയ്ക്കലച്ചനും പോത്തുക്കരയച്ചനും മൈഹികവാസം

വെടിയുകയാൽ സ്ഥാപനഭാരം മുഴുവൻ യുവാവായ ചാവറയച്ചൻ വഹിക്കേണ്ടതായി വന്നു. അചഞ്ചലമായ ദൈവഭക്തി, പരസേവനതല്പരത, വിവേകം ആദിയായ ഗുണങ്ങൾ ഒത്തിണങ്ങിയ ഈ പുണ്യപുരുഷൻ ക്ലേശാവഹമായ പ്രസൂത കൃത്യം യഥാവിധി നിർവ്വഹിക്കുകതന്നെ ചെയ്തു. അദ്ദേഹത്തിന്റെ നിസ്തുല പരിശ്രമഫലമായി 1855 ഡിസംബർ 3—ാംനു- അഭിഷേകത്തിരുനാൾദിനം 11 പിതാക്കൾ അധികൃതാനുമതിയോടെ നിയമാനുസൃതം ത്രിവിധ വ്രതങ്ങൾ ദൈവത്തിനു നേർന്നതോടെ തിരുസ്സഭാഭിത്തിയിൽ ഒരു സ്വകീയഭക്തസംഘം മാത്രമായിരുന്ന മാന്നാനത്തെ സഭ പേരും രൂപവും പ്രാപിച്ചു് കേരളകർമ്മലീത്താസഭയായി പ്രഥമതഃ സ്ഥാപിതമായി.

കേരളകർമ്മലീത്താസഭയുടെ ഈ സ്ഥാപനം കേരളചരിത്രത്തിൽ ഒരു സുവർണ്ണഘട്ടത്തെ ഉദ്ഘാടനം ചെയ്തു. ദുരാചാരങ്ങൾ, ഭിന്നത, മതവിദ്വേഷകലഹങ്ങൾ, വിദ്യാവിഹീനത തുടങ്ങിയ വ്രണങ്ങൾ കേരളസഭാശരീരത്തെ ബാധിച്ചിരുന്ന ഒരുഘട്ടമായിരുന്നു അതു്. ഇവയെ നിവാരണം ചെയ്തു് സഭാശരീരത്തിനു സുഖവും ആരോഗ്യവും ഓജസ്സും നൽകുന്നതിനു ദൈവം തിരഞ്ഞെടുത്ത ഒരുപകരണമായിരുന്നു ഈ സന്ന്യാസസഭ. അടുത്തകാലംവരെയും കേരളകത്തോലിക്കരുടെ സഭാസംബന്ധവും സാമുദായികവുമായ സകല പ്രവർത്തനങ്ങളുടെയും കേന്ദ്രമായിട്ടാണു് മാന്നാനം പരിലസിച്ചിരുന്നതു്.

ഏകാന്തജീവിതം.

മാന്നാനത്തു് ആദ്യപിതാക്കന്മാർ അനുഷ്ഠിച്ചുപോന്ന സുദീർഘങ്ങളും നിരന്തരവുമായ പ്രാർത്ഥനകളും ധ്യാനങ്ങളും തപസകൃത്യങ്ങളും പരസ്നേഹപ്രവൃത്തികളും അവരുടെ വിനയം, ക്ഷമ, അനുസരണം, ലാളിത്യം തുടങ്ങിയ ഗുണങ്ങളും വൈദികരടക്കമുള്ള ബഹുജനങ്ങളിൽ അത്ഭുതകരമായ ആദ്ധ്യാത്മിക ഉണർവ്വ് ഉളവാക്കുകയും അനേകർക്കു ഭക്തജീവിതത്തിനു പ്രചോദനം നൽകുകയും ചെയ്തിട്ടുണ്ടു്. തൽഫലമായി ജനങ്ങളുടെ സഹായസഹകരണത്തോടുകൂടി നാടി

ന്റെ പലേ ഭാഗങ്ങളിലും പുതിയ ആശ്രമങ്ങൾ സ്ഥാപിക്കാനും അനേകർ സഭയിൽ അംഗങ്ങളായി ചേരാനും ചാവറയച്ചനെപ്പോലുള്ള പരിശുദ്ധാത്മാക്കൾ ഉളവാകാനും ഇടയായിട്ടുണ്ട്. താഭശപദ്ധനവിന്റെ ഫലമായി ഇപ്പോൾ സഭയ്ക്ക് 19 ആശ്രമങ്ങളും 12 മിഷ്യൻസ്ഥാപനങ്ങളും 400-ൽ പരം അംഗങ്ങളും ഐകവന്ന് ട്ടുണ്ട്.

പ്രേഷിതവേലകൾ.

ജപധ്യാനസമേതമായ ഏകാന്തജീവിതത്തോട്ട ഇതരരുടെ ആത്മരക്ഷയെ ലാക്കാക്കിയുള്ള പ്രേഷിതവേലകളെയും അരംഭകാലം മുതൽ പിതാക്കന്മാർ യോജിപ്പിച്ചിരുന്നു.— സഭാംഗങ്ങളുടെ സംഖ്യ കേവലം പരിമിതമായിരുന്നകാലത്തുപോലും സാധാരണ ദൈനിക ധ്യാനങ്ങൾക്കു പുറമേ, കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെയുള്ള പള്ളികളിൽ ധ്യാനപ്രസംഗങ്ങൾ നടത്തുന്നതിൽ സന്ന്യാസവൈദികർ ബദ്ധശ്രദ്ധരായിരുന്നു. സുകൃതസുരഭിലമായ അവരുടെ ജീവിതവും തീക്ഷ്ണതാനിർഭരമായ അവരുടെ പ്രസംഗങ്ങളും സന്മാതൃകയും ജനങ്ങളെ ഫാദാകർഷിക്കുകയും ജീവിതനവീകരണത്തിനു ശക്തിയായി പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. ഈ ധ്യാനപ്രസംഗങ്ങളുടെയും കമ്പസാരങ്ങളുടെയും ഫലം പൊതുജനങ്ങൾക്കെന്നല്ലാ ഗവർമ്മെണ്ടുദ്യോഗസ്ഥർക്കുപോലും അക്കാലത്തു അനുഭവഭോദ്ധ്യമായിട്ടുള്ളതാണ്. പൂർവ്വപിതാക്കന്മാരെ അനുകരിച്ച് അവരുടെ വിനീതമക്കളും ഈ നാട്ടിലെ വിവിധദേശങ്ങളിൽ ധ്യാനപ്രസംഗങ്ങൾ മുറയ്ക്കുതന്നെ നടത്തിപ്പോരുന്നു.

മിഷ്യൻവേലകൾ.

പരാപൂർവ്വയുണ്ടായിരുന്ന മിഷ്യനറിമാർ അജ്ഞാനികളുടെ ഇടയിൽ വേദപ്രചരണം തുടങ്ങിയിട്ടില്ലായിരുന്നകാലത്തു വന്ദ്യ പ്രിയോരച്ചൻ അതിരമ്പുഴ, ആർപ്പൂക്കര, എടത്വാ എന്നീ സ്ഥലങ്ങളിൽ ഓരോ വേദപ്രചാര കേന്ദ്രങ്ങൾ സ്ഥാപിച്ചു പ്രവർത്തനങ്ങൾ നടത്തിപ്പോന്നിരുന്നു. അചിരേ

ണ സഭയിലെ മിക്ക ആശ്രമങ്ങളോടുംബന്ധിച്ചു താഴെ കേന്ദ്രങ്ങൾസ്ഥാപിക്കപ്പെട്ടതിന്റെഫലമായി 25000-ത്തിൽ പരം ആത്മാക്കളെ മ്ശിഹായ്ക്കായി നേടാൻ സഭയ്ക്കു കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ അധഃകൃതവർഗ്ഗക്കാർ ഇന്നത്തെ അവരുടെ അഭിവൃദ്ധിക്കു ചാവറയച്ചനോടും സഭയോടും കടപ്പെട്ടിരിക്കുന്നു.


കത്തോലിക്കാസഭയിൽനിന്നു പിരിഞ്ഞുപോയ യാക്കോബായ സഹോദരങ്ങളുടെ പുനരൈക്യത്തിനും സഭ 1921മുതൽ അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നതു്. മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ 1930-ൽ ആരംഭിച്ച മെത്രനിപ്രസ്ഥാനത്തോടെ, ഈ വക പരിശ്രമങ്ങൾ കൂടുതൽ വിപുലവും ഫലവത്തും ആയിത്തീർന്നിട്ടുണ്ട്. യാക്കോബായക്കാരുടെ ഇടയിൽ 6 മിഷ്യൻ സ്ഥാപനങ്ങൾ വഴി പുനരൈക്യജോലികൾ തുടർന്നുകൊണ്ടിരിക്കുന്നു.

സെമിനാരിപ്രസ്ഥാനം

വിശ്വാസികളുടെ ആദ്ധ്യാത്മികോന്നമനത്തിനു അനുപേക്ഷണീയമായിരിക്കുന്നതു ദൈവഭക്തരും തീക്ഷ്ണമതികളും ജ്ഞാനസമ്പന്നരുമായ വൈദികസമൂഹമാണെന്ന വസ്തുതയെസൂക്ഷ്മദൃക്കുകളായ പിതാക്കന്മാർ ഗ്രഹിച്ചതിന്റെ ഫലമായി സഭയുടെ ആരംഭകാലത്തുതന്നെ 1833-ൽ ഒരു വൈദികസെമിനാരി മന്നാനത്തു തുടങ്ങുകയുണ്ടായി. ഇതേത്തുടർന്നു 1866—ൽ വാഴക്കുളത്തും 1868—ൽ എൽത്തുരുത്തിലും 1872—ൽ പുളിങ്കുന്നിലും അതാതു സ്ഥലത്തെ ആശ്രമങ്ങളുടെ മേൽനോട്ടത്തിൽ ഓരോ സെമിനാരികൾ ആരംഭിച്ചു നടത്തിയിരുന്നു. പുത്തൻപള്ളി സെമിനാരിയുടെ സ്ഥാപനംവരെ ഇവ നിലനിന്നു. ഈകാലത്തിനിടയ്ക്കു ഈ സെമിനാരികളിൽനിന്നു അദ്ധ്യയനവും പരിശീലനവും ലഭിച്ച വൈദികർ പില്ക്കാലത്തുണ്ടായ ക്ഷാമങ്ങളിൽഏതുകണ്ടു് സഭയോടു വിശ്വസ്തരായിനിന്നിരുന്നുവെന്നും വൈദികാദ്ധ്യക്ഷന്മാരുടെ സംപ്രീതിക്കു പാത്രീഭവിച്ചുവെന്നും ഉള്ളതു് അധികാരികൾതന്നെ രേഖപ്പെടുത്തിയിട്ടുള്ളതാണു്.

വിദ്യാപ്രവർത്തനങ്ങൾ

സെമ്മിനാരി രംഗത്തു് അധികൃതരുടെയാൽ നടത്തപ്പെട്ട അഭ്യുദയ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ തുറയിലേക്കു പ്രവഹിച്ചതു സ്വാഭാവികം മാത്രമായിരുന്നു. ഇംഗ്ലീഷു വിദ്യാഭ്യാസത്തിന്റെ ആരംഭം മുതൽ ഇതരസമുദായങ്ങളുടെ അവഹേളനപാത്രമായിത്തീർന്ന കത്തോലിക്കാസമുദായത്തെ ആ അവസ്ഥയിൽനിന്നുദ്ധരിക്കുന്നതിനായി മാന്നാനത്തു് 1885-ൽ സ്ഥാപിച്ച സെൻട്രൽ എഫ്രേംസ് സ്കൂളായിരുന്നു കേരള



1946-ലെ മാന്നാനം കന്നി
പുഷ്പപ്പവാടികളും.

സുറിയാനിക്കാരുടെ പ്രഥമ ഇംഗ്ലീഷ് വിദ്യാലയം. പ്രസ്തുത സ്കൂൾ ക്രമേണ അഭിവൃദ്ധി പ്രാപിച്ചു ഒരു ഹൈസ്കൂൾആയിത്തീർന്നതെത്ര സമുന്നതനിലയിൽ എത്തിച്ചേർന്നിരിക്കുന്നു. എറണാകുളം അതിരൂപതയുടെ അഭിവന്ദ്യ മെത്രാപ്പോലീത്തായും മാർ അഗസ്റ്റിൻ തിരുമേനിയും കാലംചെയ്ത കയ്യാളശ്ശേരിൽ മാർ തോമ്മാ മെത്രാൻ തിരുമനസ്സുകൊണ്ടും ഉൾപ്പെടെ വൈദികരും വൈദികേതരരുമായ അനേകം സമുദായനേതാക്കന്മാരെ പരിശീലിപ്പിക്കാൻ ഈ വിദ്യാലയത്തിനു് ഇതി

നകം കഴിഞ്ഞിട്ടുണ്ടെന്നേ ഇപ്പോൾ പറയാനുള്ളൂ. മഹാരാജസഭ വകയായി ഒരു കേന്ദ്രകോളേജ് സ്ഥാപിക്കുന്നതിനു് ചാവറയച്ചൻ അഭ്യർത്ഥിച്ചതു സംബന്ധിച്ചില്ലെങ്കിലും ഇന്നു വിവിധ ആശ്രമങ്ങളുടെ കീഴിലായി ഒരു ഒന്നാംഗ്രേഡ് കോളേജും 6 ഹൈസ്കൂളുകളും 3 മിഡിൽസ്കൂളുകളും 8 ബോർഡിംഗ് മന്ദിരങ്ങളും രണ്ടു വ്യവസായവിദ്യാലയങ്ങളും ഒരു വാണിജ്യവിദ്യാലയവും നടത്തിപ്പോരുന്നുണ്ടു്.

കന്യകാലയസ്ഥാപനം

പുരുഷന്മാർക്കു കർമ്മലീത്താസഭയെന്നതുപോലെ സ്ത്രീകൾക്കും ഈ നാട്ടിൽ ഒരു കന്യകാസംഘം സ്ഥാപിക്കുവാൻ വേണ്ടും വിശാലവീക്ഷണവും കർമ്മസന്നദ്ധതയും ചാവറയച്ചനു ദൈവം നൽകിയതിന്റെ ഫലമാണു കേരളത്തിലുള്ള കന്യകാമഠങ്ങളുടെയെല്ലാം മാതൃസ്ഥാനം വഹിച്ചുകൊണ്ടു് 1866–ൽ ക്രമത്തിൽ ആരംഭിച്ച കന്യകാലയം. ചാവറയച്ചനാൽ സ്ഥാപിതമായ ഈ മഠത്തിന്റെ ശാഖകളായി മുറിയാനി പ്രവർത്തകളിൽ അമ്പതിൽപരം മഠങ്ങളും, അംഗങ്ങളായി രണ്ടായിരത്തിൽപരം കന്യാസ്ത്രീകളുമുണ്ടു്. സ്ത്രീവിദ്യാഭ്യാസരംഗത്തിൽ ഇന്നു തിരുവിതാംകൂറും കൊച്ചിയും മുന്നണിയിൽ നിൽക്കുന്നെങ്കിൽ അതിനുള്ള ഏക കാരണം ചാവറയച്ചന്റെ ഈ ആത്മീയപുത്രികളുടെ സേവനതൽപ്പരതയാണെന്നുള്ള വസ്തുത ഇതരസമുദായങ്ങളും കൃതജ്ഞതാസമേതം സ്മരിക്കേണ്ടതാണു്.

മുദ്രാലയപ്രസ്ഥാനം

ചാവറയച്ചന്റെ വിദൂരദർശനം പ്രശംസനീയമായ സ്ഥിരോത്സാഹം സർവ്വോപരി സാഹസികബുദ്ധി ഇവയുടെ മകുടോദാഹരണമാണു് മാന്നാനത്തു അദ്ദേഹം സ്ഥാപിച്ച മുദ്രാലയം. ചരിത്രപ്രസിദ്ധമായ ആ സംഭവത്തിന്റെ ശതാബ്ദപൂർത്തി ഈ വർഷത്തിലാണെന്നുള്ളതും ഇത്തരുണത്തിൽ സ്മർത്തവ്യമാണു്. ഇന്നത്തെപ്പോലെ വിദേശങ്ങളിൽനിന്നു അച്ചടിയന്ത്രങ്ങൾ വരുത്തുന്നതിനു പണമോ സൌകര്യങ്ങളോ ഇല്ലാതിരുന്ന കാലത്തു അദ്ദേഹം തന്നെ നിർമ്മിച്ച നാടൻപ്രസ്സാണു് കേരളകത്തോലിക്കരുടെ ഒന്നാമത്തേതും തിരുവിതാംകൂ

റിലെ മൂന്നാമത്തേതും. കേരളത്തിൽ കത്തോലിക്കാസാഹിത്യ പ്രചരണത്തിൽ പ്രധാന ഉപകരണമായിത്തീർന്നിട്ടുള്ള ഈ മാദ്ധ്യമത്തിൽനിന്നു പുറത്തുവന്നിട്ടുള്ള നിത്യാരാധന, കൃപാനിധി തുടങ്ങിയ ജപപുസ്തകങ്ങളും, ശാസ്ത്രീയവും സാഹിത്യപരവുമായ ഇതരഗ്രന്ഥങ്ങളും നസ്രാണിദീപിക കർമ്മലകുസുമം എന്നീ പത്രമാസികകളും മുഖാ സമുദായത്തിനു സിദ്ധിച്ചിട്ടുള്ള ഗുണങ്ങൾ അവാച്യങ്ങളത്രെ. ഇന്ത്യയിലെ പ്രഥമ കത്തോലിക്കാ ദിനപത്രമായി പരിലസിക്കുന്ന ദീപിക അതിന്റെ സുദീർഘമായ ജീവിതഘട്ടത്തിനുള്ളിൽ കത്തോലിക്കരുടെ മതാത്മകവും സാമുദായികവും രാഷ്ട്രീയവുമായ സംരക്ഷണത്തിനായി എത്രകണ്ടു പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതു് ഏവർക്കും സുവ്യക്തമായിട്ടുള്ളതാണു്. മാന്യാന്തരത്തെ അനുകരിച്ചു കൊൽത്തുരുത്തു്, തേവര എന്നിങ്ങനെ ശ്രമങ്ങളോടനുബന്ധിച്ചും മുദ്രണയന്ത്രങ്ങൾ നടത്തിപ്പോരുന്നു. തേവരനിന്നു കുടുംബദീപം എന്ന മാസികയും പ്രസിദ്ധീകരിക്കപ്പെട്ടുവരുന്നു. ഒരു നല്ല സാഹിത്യകാരനും പലേ ഗദ്യപദ്യകൃതികളുടെ കർത്താവുമായ ചാവറയച്ചനെ അനുഗമിച്ചു് അദ്ദേഹത്തിന്റെ ആത്മീയസന്താനങ്ങളും ഭക്തിപരവും ശാസ്ത്രീയവും സാഹിത്യപരവുമായി നിരവധി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നുള്ളതും പ്രകൃതത്തിൽ സ്മരണീയമാണു്.

ചരിത്രകോപ്പാടനം.

19—ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കത്തോലിക്കകേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ പടർന്നു പിടിച്ച ഭയങ്കരകാലൂതി ആയിരുന്ന റോക്കോസ് ശീശ്മ, സുറിയാനിപ്പള്ളികളിൽ ഭൂരിപക്ഷവും അതിൽപ്പെടുപോയെങ്കിലും ചാവറയച്ചൻ കാലോചിതമായി ശീശ്മക്കെതിരായി പുറപ്പെടുവിച്ച ലിജ്ഞാപനവും, 9—ാം പീയൂസു മാർപ്പാപ്പായിൽ നിന്നു വരുത്തിയ കത്തും, പ്രക്ഷുബ്ധരും ശാഠ്യോന്മുഖരും ആയ അനുചരന്മാരാൽ പരിസേവിതനായി നിലകൊണ്ട റോക്കോസിന്റെ പക്കൽ സഭാംഗമായ കാപ്പിൽ മത്തായി അച്ചൻ ആഗതനായി സധീരം നടത്തിയ മഹത്തോൻ കല്പനാപ്രഖ്യാപനവും സന്ന്യാസവൈദികർ പള്ളികൾ

തോടും ചുറ്റി നടന്നു നടത്തിയ പ്രസംഗങ്ങളും വഴി പള്ളികൾ എല്ലാം ഏറെത്താമസിയാതെ ക്രിസ്മസ് വിരുന്നുകളായി.


ഒരു ദശവത്സരത്തിനുള്ളിൽ അവിർഭവിച്ച മേല്പസ് ക്രിസ്മസും ഈ സഭാ തനയന്മാരുടെ താല്പര്യങ്ങളായ ഉത്സാഹഫലമായി അവസാനിപ്പിക്കാൻ സാധിച്ചു. ഈ ക്രിസ്മോത്സവപരിശ്രമങ്ങളിൽ അവർ എതിർകക്ഷികളിൽനിന്നു സഹിക്കേണ്ടിവന്നിട്ടുള്ള ഉപദ്രവങ്ങളും നിന്ദനങ്ങളും അവർണ്ണനീയങ്ങളായിരുന്നു.

രോഗനിവാരണത്തെക്കാൾ എളുപ്പം രോഗനിരോധനമാണെന്ന വസ്തുത മനസ്സിലാക്കിയ സഭാംഗങ്ങൾ ക്രിസ്മകാരണത്തെ ഉൻമൂലനം ചെയ്യുന്നതിനായി, സ്വജാതിമതസ്ഥരെ നൽകണമെന്ന അപേക്ഷകൾ റോമിലേയ്ക്കു അയക്കുന്നതിൽ നേതൃത്വം വഹിക്കാൻ സന്നദ്ധരായി. തൽഫലമായി സഭയുടെ "ഏഴവ്യാകുലങ്ങൾ" എന്നറിയപ്പെടുന്ന ഏഴംഗങ്ങൾ സഭയിൽനിന്നു ബഹിഷ്കരിക്കപ്പെടുന്നതിനിടയായെങ്കിലും, വിനാവിളംബം അവരുടെ അഭ്യർത്ഥനയെ പരിശുദ്ധ സിംഹാസനം ശ്രവിക്കുകയും "ഏഴവ്യാകുലങ്ങളിൽ ഒന്നായ പഴേപറമ്പിൽ ളയീസച്ചനെത്തന്നെ ആദ്യനാട്ടുമെത്രാന്മാരിൽ ഒരാളായി നിയമിക്കപ്പെടുകയും ചെയ്തതോടെ സഭയുടെ ആ ഉദ്യമവും വിജയശ്രീലാളിതമായി.

ആരാധനക്രമപരിഷ്കരണം.

ഉദയംപേരൂർ സുനഹദോസിനുശേഷം ഏകരൂപ്യമില്ലാതെ താറുമാറായ സുറിയാനിക്കാരുടെ ആരാധനക്രമത്തെ പരിഷ്കരിച്ചുദ്ധരിക്കുന്നതിലും സഭ മുന്നിട്ട പ്രവർത്തിച്ചു. പട്ടക്കാരുടെ കാനൻജപപ്പുസ്തകം, ദിവ്യപൂജാക്രമത്തിൽ ഏകരീതിയില്ലാതിരുന്നതിനെ പരിഹരിപ്പാൻ "ത്രുക്കാസാ", പള്ളിപ്പഞ്ചാംഗം, മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ്, ദുഃഖശനിയാഴ്ചക്രമം ഇവ ക്രമീകരിച്ചു മുദ്രണം ചെയ്തിട്ടുള്ളതു് ചാവറയച്ചനും അദ്ദേഹത്തിന്റെ അനുഗാമികളും അത്രെ. നാല്പതുമണിആരാധന, പള്ളികളിൽ ന്യായാഴ്ചപ്രസംഗം, ദൈവികർക്കും പ്രതിവിഷ്ഠധ്യാന, ക്രമീകൃതമായ സന്ധ്യാപ്രാർത്ഥനകൾ മുതലായ ആചാരങ്ങളും സഭാപിതാക്കന്മാരുടെ പരിശ്രമഫലമായി നടപ്പിൽ വന്നിട്ടുള്ളതാണു്.

ഇങ്ങനെ സ്ഥാപകപിതാക്കന്മാരുടെ മനസവല്ലിയിൽ മൊട്ടിട്ടതും ചാവറ കുര്യാക്കോസച്ചന്റെ അക്ഷീണപരിശ്രമങ്ങളാൽ വളർന്നു വികസിച്ചതുമായ സഭ പുറപ്പെടുവിച്ച മതാത്മകവും സാമൂഹ്യികവും വിജ്ഞാനപരവുമായ ചില മോഹനഫലങ്ങളുടെ ഒരു സാമാന്യചിത്രം മാത്രമാണിതു്. സഭയുടെ ബാഹ്യദശയിൽ, അംഗങ്ങളുടെ സംഖ്യ തുലോം പരിമിതവും, സാമ്പത്തികവും മറ്റുമായ സാഹചര്യങ്ങൾ തികച്ചും പ്രതികൂലവും ആയിരുന്ന കാലത്താണു് ഇവിടെ പ്രസാവിച്ചിട്ടുള്ള മഹനീയ നേട്ടങ്ങളിൽ അധിക ഭാഗവും ഉണ്ടായതു് എന്നോർക്കുമ്പോൾ ആർക്കും അത്ഭുതംതോന്നിപ്പോകും. സ്വസുഖമോ ആദായമോ പ്രശസ്തിയോ നോക്കാതെ ദൈവസ്തുതിയും ആത്മരക്ഷയും മാത്രം മുൻനിറുത്തി പ്രവർത്തിച്ച പിതാക്കന്മാരുടെ തീവ്രമായ ദൈവസ്നേഹവും നിസ്തുലമായ ത്യാഗബുദ്ധിയും നിസ്സ്വാർത്ഥമായ സേവനതല്പരതയും അനന്തരതലമുറകൾക്ക് അദർശമായി ഭവിക്കുമെന്നുള്ളതിനു സംശയമില്ല.



ശിലാസ്ഥാപനത്തിന്റെ
ശതാബ്ദസ്മാരകം.
1831–1941

കെ. ദി. മു. സഭക്കാരുടെ അടിസ്ഥാനക്കാരനും
രണ്ടാമത്തെ ശ്രേഷ്ഠനുമായ കല്ലുക്കുട്ട പള്ളി ഇടവകക്കാരൻ
പോത്തുക്കരെ

പെ. ബ. തോമ്മാ മല്പാനച്ചന്റെ

ചരിത്രം.

(Reprint)

(പെ. ബ. പ്രീയേർ കുറിയാക്കോസച്ചനാൽ എഴുതപ്പെട്ടതു്.)

ഈ ദേഹം വരാപ്പുഴ പിക്കാരി അപ്പസ്തോലിക്കായുടെ ഭരണത്തിൻകീഴുള്ള പ്രധാന പള്ളിയായ കല്ലുക്കുട്ട ഇടവകയിൽ പോത്തുക്കര തറവാട്ടിൽ ഇട്ടിക്കുരുവിളത്തരകൻ, മറിയം എന്ന ദൈവഭക്തിയും അറിവും ഗുണശീലവുമുള്ള മാതാപിതാക്കന്മാരിൽനിന്നു് 1800—ാംകൊല്ലം ജനിച്ചു. തന്റെ ക്രൂപ്പിറപ്പുകളായി നാലു സഹോദരരും മൂന്നു സഹോദരികളും ഉണ്ടായിരുന്നു. ഈ ദേഹം എല്ലാവരിലും മൂത്തവനാ പൈതൽപ്രായത്തിലേതന്നെ എല്ലാവരും സന്തോഷിപ്പാൻതക്കവണ്ണം പരമാർത്ഥം, സാധുത്വം മുതലായ സൽഗുണങ്ങളാൽ രമ്യരാനും മനുഷ്യർക്കും ഇഷ്ടമുള്ളവനായിരുന്നു. ചെറുപ്രായത്തിൽ എഴുത്തും വായനയും പഠിച്ചു. അതിനാൽ പള്ളിയിൽ തന്നെക്കൊണ്ടു വലിയ വേദോപദേശം വായിപ്പിച്ചിരുന്നു. ബുദ്ധിസാമർത്ഥ്യവും ഗുണശീലവും കണ്ടു, പട്ടത്തിനായി പഠിപ്പിക്കണമെന്നു് തന്റെ കാരണവരായിരുന്ന പോത്തുക്കര മൂപ്പച്ചനും ശേഷം പേരും നിശ്ചയിച്ചു. അക്കാലത്തിൽ സംബന്ധക്കാരും കീർത്തിപെട്ട മല്പാന്മാരുമായിരുന്നവരും പഠിപ്പിച്ചിരുന്ന വടയാറ്റു സിമ്മനാരി, കുമരകത്തുസിമ്മനാരി മുതലായതിലാക്കുവാൻ പലതിനാലും ഇടയുള്ളതായിരുന്നു. എങ്കിലും തന്റെ പിതാവു മഹാ ബുദ്ധിയും, പിശേഷാൽ അധികദൈവഭക്തിയും ജ്ഞാനഅറിവുമുള്ളവനായിരുന്നതിനാൽ പഠിനത്തിന്റെമേൽ താല്പര്യംവെച്ചു തമിഴിൽനിന്നു ജപപുസ്തകം, സുവിശേഷ പിരൈത്തുര, മുതലായ പുസ്തകങ്ങൾ താൻ എഴുതിയെടുക്കയും പുസ്തകം പിടി

ച്ചു പൂജ കാണുകയും മറ്റുമുള്ള ജ്ഞാനക്രമത്തിന്റെ തുടക്കക്കാരൻ എന്നപോലെ ആയിത്തീർന്നു. അഞ്ചുതെങ്ങിൽ നിന്നു ഇംഗ്ലീഷ്, പോർത്തുഗീസു, മുതലായ ഭാഷകൾ പഠിപ്പിക്കുന്നതിനായിട്ടു അധിക ശമ്പളം കൊടുത്തു മേസ്തിരിയെ വരുത്തി തന്റെയും മറ്റും പൈതങ്ങളെ പഠിപ്പിക്കയും, മൈവശ്രൂഷ്കർക്കുടുത്ത സ്ഥിതിയിൽ ആയിരിക്കണം പട്ടക്കാരു, എന്നുള്ള ആഗ്രഹത്താൽ വരാപ്പുഴെ അപ്പസ്തോലിക്കാ സിമ്മനാരിയിൽ, പഴെ മുറവിട്ടു അയക്കണമെന്നു നിശ്ചയിക്കയും ചെയ്തു. അതേപ്രകാരം ഞാറയ്ക്കൽ ചെറിയാൻ കയ്യനെന്ന അപ്പസ്തോലിക്കാ മല്പാനച്ചൻ കല്പിക്കുട്ടു കണക്കു കേൾവികായി ചെന്നിരുന്നപ്പോൾ യോഗ്യക്കുറെ കുട്ടി അപേക്ഷ അറിയിക്കയും എല്ലാവരുടെ സന്തോഷത്തോടുകൂടെ ദൈവശുശ്രൂഷത്തിനായി മൂന്നു പട്ടക്കാരുടെ കർമ്മാനയും നടത്തി, മാർ തോമ്മാശ്ലീഹായുടെ അൽത്താരിയിങ്കൽ നേർച്ചയുംവച്ചു പ്രാർത്ഥിച്ചുകൊണ്ടു പഠിനവും തുടങ്ങിച്ചു് പഠിപ്പാൻ അയക്കയും ചെയ്തു. എന്നാൽ തന്റെ പിതാവിന്റെ ശ്രദ്ധ ഭാഗികമായ തക്കവണ്ണം ശോകപ്രപഞ്ചങ്ങളിലും വീട്ടുകാര്യങ്ങളിലും കലരാതെ ദൈവ ശുശ്രൂഷയിൽ കാലം പോകണമെന്നുള്ളആഗ്രഹപ്രകാരം സിമ്മനാരിയിൽ തന്റെ മല്പാനച്ചനും യജമാനന്മാരും കൂട്ടുകാരും വിസ്മയിപ്പാനും സന്തോഷിപ്പാനും തക്കവണ്ണം പഠിനക്രമത്തിലും പുണ്യജീവിതത്തിലും ജീവിക്കയാൽ മല്പാനച്ചനും മറ്റും വളരെ പ്രിയവും സമ്മതവും ആയിരുന്നു.

1817 — ാം കാലം ഇടവം 17=ാംനു- പത്രോസു ദെൽക്കാന്തര എന്ന ബോംബയുടെ മെത്രാനച്ചനിൽനിന്നു ആസുപ്പാട്ടു ഏറ്റു. 18 വയസ്സിൽ നാലാം പട്ടമായിരിക്കുമ്പോൾ 1818-ാംകാലം തന്റെ പിതാവു നാല്പത്തൊന്നു വയസ്സു പ്രായത്തിൽ മരിക്കയാൽ എല്ലാംകൊണ്ടും വളരെ വ്യാകുലം അനുഭവിച്ചു. ചെറിയ പട്ടങ്ങൾ ഉള്ള കാലത്തിൽതന്നെ നാഗാരം അതായതു, വത്തമാനങ്ങൾ എഴുതിവന്നിരുന്നു. പിതാവും നിത്യമായിട്ടെന്നപോലെ എല്ലാവർക്കും വളരെ സന്തോഷമാകാൻ തക്കവണ്ണം പുണ്യകർമ്മാനകൾക്കും, തിരുനാളുകൾക്കും മല്പാനച്ചൻ പറയിച്ചിരുന്നു. പൊതുപ്രഭാഷകളിൽ ജയിച്ചിരുന്നു. ഉത്സാഹം എത്രയും അധികവും സ

CHARMARAM COLLEGE LIB
BANGALORE-29.

ഭയിൽ അധിക ശോഭയും ഉണ്ടായിരുന്നു. 1823—ാം കൗലം കന്നിമാസം 22—ാംനു- കർഭാനപ്പട്ടമേറ്റു. ടി. തുലാമാസം 26—ാംനു- ഞായറാഴ്ച ഷോഷത്തോട്ടക്കുടെ പുത്തൻകർഭാന ചൊല്ലുകയും ചെയ്തു. ഉടൻ തന്റെ ഇടവകയാകുന്ന കല്ലുക്കാ ട്ടു വികാരിയായി.

ആ കാലങ്ങളിൽ പട്ടക്കാരു ളോവ ഉടുത്തു നടക്കു മുണ്ടാ ഇല്ലായിരുന്നു. എങ്കിലും വരാപ്പുഴ സിമ്മനാരിയുടെ മുറ്റത്തു പട്ടമേറ്റ നാൾമുതൽ താൻ അപ്രകാരം ക്രമത്തോടെ നട ന്നുവന്നു. അക്കാലത്തിൽ പ്രളരെ പട്ടക്കാരു വയസ്സും പ്രായ വും ചെന്നവരും ഉണ്ടായിരുന്നു. എങ്കിലും തന്റെ സാധുത്വ ത്താലെയും വിവേകത്താലെയും വഴക്കുകൾക്കും മറ്റും ഇടവ രാതെ പലപല നല്ല മുണ്ടുകളെ നടത്തുകയും പൂവ്വിക അ പമുണ്ടുകളെ നീക്കുകയും ചെയ്തു അക്കാലത്തിൽതന്നെ റ ബേക്കൊട്ടും പാട്ടുകളും പഠിപ്പിക്കുന്നതിനായി തെക്കുനി ന്നു ഒരു മേസ്തിരിയെ കൊണ്ടുവന്നു് തന്റെ സഹോദരരു മു തലായി പലരേയും പഠിപ്പിച്ചു പള്ളിയിൽ പാട്ടുകളും കൊ ട്ടുകളും നടന്നു അ കാലം പള്ളിപ്പുറത്തും നടന്നു. സിമ്മി നാരിയിൽവച്ചു തന്നെ ബുധൻ കിഴമ പ്രസംഗം വായിച്ചു ഒയൗസേപ്പുപിതാവിന്റെമേൽ ഭക്തിയായിരുന്നതിനാൽ അ ഭക്തി വർദ്ധിപ്പിക്കുന്നതിലേക്കായി ഒരു സഭക്കൂട്ടമുണ്ടാക്കി, ബുധനാഴ്ചതോറും കൂടി ഓരോ പ്രസംഗം വായിക്കയും ചില ജപങ്ങൾ എത്തുക്കയും ചെയ്തിരുന്നു ഒരു സ്വരൂപം വാ ങ്ങിക്കുന്നതിനായി ഓരോ ചക്രം പിരിച്ചു കീഴ്തിപ്പെട്ട പ ണിക്കാരനായിരുന്ന കൊച്ചുകുട്ടി മേസ്തിരിയെ ഏൽപ്പിച്ചി രുന്നതു മാന്നാനത്തിൽ കൊണ്ടുവന്ന തുടങ്ങിയപ്പോൾ വന്നുചേ ന്നു. ആയതു പ്രധാന അൾത്താരിയിൽ ഇരിക്കുന്നു. ഈ ഭ ക്തി വഴിയായിട്ടു കല്ലുക്കുട്ടും പെരുനാൾ തുടങ്ങി, തന്റെ അഗ്രഹംപോലെ അനേകകാലം പീടികാരു നടത്തി. ഇപ്പോ ൾ കൊമ്പരിയായി സ്ഥാപിച്ചു എത്തുയും പ്രബലപ്പെട്ടു. ഞായ റാഴ്ചതോറും പള്ളികളിൽ പടാർത്ഥ പറയുന്ന ക്രമവും തന്നാ ലെ തുടങ്ങിയതുപോലെയായിരിക്കുന്നു. രണ്ടുവർഷം കല്ലുക്കുട്ട വികാരിത്വം ഭരിച്ചുശേഷം അതായതു, 1827—ാംകാലം ചി ങ്ങം 15—ാംനു- മുതൽ തങ്കച്ചേരി പുത്തൻപള്ളിയുടെ വികാ രിയായി കല്പിക്കയാൽ അവിടെ വികാരിയായി. ആ ദേ

ശക്തരായ എല്ലാവരും ചിസ്മയിക്കാൻതക്ക പുണ്യമാതൃകയാലും ജ്ഞാനപടുത്വങ്ങളാലും ഏറിക്കപ്പെട്ട ഉത്സാഹത്താലും, നല്ല ഭരിപ്പു ഉണ്ടായിട്ടില്ലാ എന്നിരിക്കുന്ന ആ ദിക്കിൽ, ഇടിയാ ഭൂമി ഇളകി പഞ്ചഫലാദികളെ മുളപ്പിക്കുന്നതുപോലെ, ഏറിയ കാലമായി കുമ്പസാരിക്കാതിരുന്നവരേയും ഏറിയ ദുർന്നടപ്പുകാരെയും വലിയവരായിട്ടും ചെറിയവരായിട്ടുമുള്ളവരെയും ദൈവഭയത്താൽ ഇളക്കി ഭക്തന്മാരാക്കി. ഇന്നും ആ ഓർമ്മചിഹ്നം ഭക്തിക്കാരായിരിക്കുന്നവരുമുണ്ട്. ശനിയാഴ്ച തോറും ക്രൂശുമായിട്ടു വരുന്ന ഭിക്ഷക്കാർക്ക സൽബുദ്ധി പറഞ്ഞു കൊടുത്തു് അവരോടുകൂടെ പള്ളിയിൽപോയി അൻപത്തുമൂന്നു മണി എത്തിച്ചിട്ടു ഭിക്ഷ കൊടുത്തയച്ചിരുന്നു. നിത്യവും സന്ധ്യസമയം പൈതങ്ങൾ പള്ളിയിൽ വരുന്നതിനു ചട്ടമിട്ടു പ്രാർത്ഥന നമസ്കരിച്ചിരുന്നു. കുമ്പസരിപ്പാൻ വരുന്നവർക്ക ആസുപ്പാട്ട ചൊല്ലിക്കൊടുത്തു കുമ്പസരിപ്പിച്ചിരുന്നു. അടുക്കെയടുക്കെ ഭക്തിയായിട്ടു കുമ്പസരിച്ചവരുന്ന മറ ഞ്ഞവിടെ തന്നിൽ നിന്നു തുടങ്ങിയപോലെ തോന്നുന്നു. അതെ ഹന്ത, ഈ എഴുത്തുകാരൻ പുസ്തകം എടുത്തു മാറിവെപ്പാൻ പാടില്ലാത്ത ചെറുപ്രായത്തിൽ കർമ്മോപദേശം ക്രമത്തിൽ പഠിച്ചു, അപ്പോൾ ഈ വേലക്കായി അവിടെ പാർത്തിരുന്നു. കണ്ണാലെ ഇതാകയും കണ്ടതുപോലെ ആയിരിക്കുന്നു. തന്റെ ഹൃദയത്തിൽ കർത്തനെ അറിഞ്ഞിരുന്ന ദൈവസ്നേഹാധികൃത്താലെ ഞായറാഴ്ച തിരുനാൾകളിൽ മഹാ ഏരിയോട്ടുകൂടെ പറഞ്ഞുവന്നിരുന്ന പടിത്തക്കളാലും പുണ്യജീവിതത്താലും പോർത്തുഗീസ് ഭാഷാ സിമ്മനാരിയിൽവെച്ചു പഠിച്ചിരുന്ന തുമല്ലാതെ കർമ്മന ഒഴികെ ശേഷമുള്ള വേസ്തര, കമ്പഞ്ഞി മേന്മ മുതലായ കർമ്മങ്ങൾ മഞ്ഞനിക്കര നടത്തിവന്നതിനാലും വിശേഷമായ തന്റെ ഭരിപ്പുലും ആ ദിക്കുകാർക്ക ഒക്കെയും ബഹു സമ്മതമായിരുന്നു. ഇതിനുംപുറമെ പെ. ബ. മത്തായിവേൽ ഗോവർണ്ണദോരച്ചനും, വികാരി ജനറാൽ യൂസേമരിയാ പാദ്രിഅച്ചനും, കൊല്ലം, കുയം മുതലായ പള്ളികളിലുള്ള പ്രധാനികൾക്കും, ആ കാലത്തിൽ ദിവാൻകച്ചേരിയും രസിഡണ്ടു അപ്പീസും കൊല്ലത്തു ആയിരുന്നതിനാൽ ഏറിയ ഉദ്യോഗസ്ഥന്മാരുമായിട്ടു കച്ചേരിയിലും മറ്റും ഉണ്ടായിരുന്നതിനാൽ അയവക്കാരുടെയും പള്ളിയുടെ സമ്മതമായിരുന്നു

ലോകപ്രപഞ്ചമല്ലാതെ ജ്ഞാനജീവിതം അറിയാത്തപോലെ ഇരുന്ന രാജ്യം ഒന്നു പകൽ മേസ്തർ ഫേലിസിന്റെ പീട്ട, മേല്ലോ എന്ന പീട്ട മുതലായതു മംഗൽപോലെ ആയിത്തീർന്നു.

പിതാവു മരിച്ച മുഖാന്തരം ഒരു മനോഹ്ലാദപ്രവൃത്തി എന്നപോലെ പുത്തൻകൂർബ്ബാന ചൊല്ലിയതുമുതൽ തള്ളയേയും ക്രൂപ്പിറപ്പുകളേയും സന്ധിച്ചും പരിപാലിച്ചും പഠിപ്പിച്ചും നടത്തിവന്ന ഒരു ഭാരം തന്നിൽനിന്നു ഒഴിഞ്ഞു വേണ്ടും വണ്ണം നടന്നുപോകണമെന്നുള്ള താല്പര്യത്താലും, പിതാവു ഉദ്യോഗസ്ഥനായിരുന്നതിനാൽ അനുജനു ആയതിന്മേൽ അഗ്രഹമായിരിക്കയാലും, റസിഡൻസിയിൽ ഒന്നാം ഗൈടായിരുന്ന മേസ്തർ ഔന്നോ, രണ്ടാമത്തവൻ ഫേവീസ് ഇവരു ഇങ്ങോട്ടു പറകയാലും റസിഡൻസ്സ് ആഫീസിൽ രായസമായിട്ടു അനുജൻ അന്തോനിയെ ആക്കി. ലോകപ്രപഞ്ചത്തിൽ മോശമായിപ്പോകാതിരിപ്പാൻ സൂക്ഷത്തിനായി ഫേമീസ് ദ്വരയെ ഏൽപ്പിച്ചു.

ഇങ്ങനെ ഏറെക്കുറെ രണ്ടു വൎഷത്തോളം തങ്കുഴിയിൽ ഇരിക്കുമ്പോൾ എ. പെ ബ. മെത്രാപ്പോലീത്തായുടെ വരാപ്പുഴ ഇൻന്തഖിനാ വികാരി അപ്പസ്തോലിക്കാ ആയിട്ടു വരികയും പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെയും, സ്നേഹിതൻ പാസ്സാൽ പാദ്രി അച്ചന്റെയും താല്പര്യത്താൽ സകൃത്താരിവേഷയ്ക്കായിട്ടു കല്പന വരികയാൽ 1828-ാംകാലം മീനമാസം 16-ാംനു- വരാപ്പുഴെ ചെന്നുചേർന്നു. ആ വേഷയിൽ പാത്തിരിക്കുമ്പോൾ സിമ്മനാരിയിൽ പാത്തിരുന്നകാലത്തിൽതന്നെ, പള്ളിപ്പുറത്തു ഞങ്ങളുടെ വലിയ പിതാവു തോമ്മാ മല്പാനച്ചൻഒരു ജ്ഞാനസ്നാപ്പനെപ്പോലെ ബ്ര. തച്ചിൽ അബ്രാഹം മല്പാനച്ചനോടു പഠിച്ചു കൊണ്ടിരുന്നു. അപ്പോൾ തന്നോടുള്ള അടുപ്പവും സ്നേഹവും തുടങ്ങി. പിതാവായിട്ടും മഹാ സ്നേഹിതനായിട്ടും സ്നേഹിച്ചുവന്നു. ഈ മെത്രാനച്ചൻ ഇവരുടെ അവസ്ഥയും ഗുണശീലവും കണ്ടു് മഹാ പുണ്യവാനായിരുന്ന തൻ ഇവരെ ഏറ്റവും സ്നേഹിച്ചു വിശേഷ കാര്യങ്ങൾക്കു വരുത്തി ആലോചിച്ചിരുന്നു. അവിടെ വച്ചു വലുതായ ഒരു പനി ഉണ്ടായി എങ്കിലും ദൈവസഹായത്താൽ പൂൎണ്ണസൌഖ്യം പ്രാപിച്ചു. വരാപ്പുഴെ എല്ലാ ഞായറാഴ്ചകളിലും തിരുനാളുകളി

51852

ലും വിസീത്തക്ക പോകുമ്പോൾ എല്ലാ പള്ളികളിലും പടിത്ത്, തന്നെക്കൊണ്ടു പറയിച്ചിരുന്നു.


ഇങ്ങനെ നടന്നവരുമ്പോൾ ഞാറ്റൂറിക്കാർക്കു പട്ടംകൊടുത്തുകൂടാ എന്നു് എഴനൂറിക്കാരുടെ കൂട്ടമായി വിരോധിക്കയാൽ പെ ബ. മെത്രാനച്ചനു സങ്കടമായി, ഉപ്രകാരം ഉള്ളവരെ ഭരിക്കുന്നതു കഴിയുന്നതല്ല, പോകണമെന്നു നിശ്ചയിച്ചിരിക്കുന്ന ഭാഗം അറിഞ്ഞു് പള്ളിപ്പുറം സിമ്മനാരിക്കാരുടെ മുതലായ ശമ്മാച്ചന്മാരും, പള്ളിക്കാരും, ഞാറ്റൂറിക്കാരുംപോകരുതെന്നും, ഏതു പള്ളിയിൽ എങ്കിലും ഇരിക്കാമെന്നും ഏല്പാരുംകൂടി മുട്ടിക്കയാൽ അത്തുങ്കൽ പള്ളിയിൽ വന്നതാമസിച്ചു. ഇങ്ങനെയിരിക്കയിൽ ഇവരുടെ ഉള്ളിൽ അനേകകാലമായി കത്തിയിരുന്ന അഗ്നി മെത്രാനച്ചനെ ബോധിപ്പിച്ച ഉടൻ മെത്രാനച്ചൻ എതുരയും തെളിഞ്ഞു സന്തോഷിച്ചു. ഈ മലയാളത്തിൽ പൂർവ്വംമുതൽ ക്രൈസ്തവനികൾ ഉണ്ടായിരുന്നിട്ടും ഈ കാലംവരെ ജ്ഞാനസ്നാനജീവിതത്തിനായിട്ടു തപസ്സ് ഭവനം ഇല്ലാത്തതിനാൽ ദർശനമഠം പണിയിക്കുന്നതിനും സന്യാസജീവിതം ആയിട്ടു ഇവരിരുവരെയും നിയമിച്ചിരിക്കുന്നതുകയാൽ ഇതിനു വേണ്ടിയ സഹായംചെയ്യണമെന്നുംമറ്റും തന്റെ കൈയെഴുത്തായ പസ്സോന്തിയും ഇരുനൂറു രൂപയും 1829—ാംക്കാമാണ്ടു കൊടുത്തു.

പസ്സോന്തി കിട്ടിയ ഉടൻ, ആറുവഴിയായി പല സ്ഥലങ്ങളും അന്വേഷിച്ചുറെ ഓരോ കാരണത്താൽ തക്കതായി കണ്ടെത്താതെ തിരിഞ്ഞു വന്നു അവരവരുടെ വേലയിൽ താമസിച്ചു. പസ്സോന്തി കല്ലുക്കാട്ട പള്ളിയിൽ കാണിച്ചിട്ട ഇരുനൂറു രൂപയ്ക്കു് അയിരുപ്പാനെല്ല കൊടുക്കത്തക്കതിൻവണ്ണം സമ്മതിച്ച പാസ്സോന്തിയിൽ കുറിച്ചു. കോയിൽമുക്കു പള്ളിയിൽ കാണിച്ചിട്ട പതിനായിരം ചക്രം തരാമെന്നു കുറിക്കയും, ഉടൻതന്നെ പതിനായിരം ചക്രം അയച്ചുകൊടുക്കയുംചെയ്തു. അനന്തരം ഇവർ രണ്ടുപേരുംകൂടെ പള്ളിപ്പുറത്തുനിന്നു തെക്കോട്ടു പുളിങ്കന്നിൽചെന്നു പുളിങ്കന്നു പള്ളിക്കാരുമായിട്ടു പറഞ്ഞു് അയിരുപ്പാനെല്ല അവർ കൊടുക്കത്തക്കതിനവണ്ണം കുറിക്കയും, അപ്പോൾതന്നെ ഇരുനൂറുപറനെല്ലു് കൊടുക്കയുംചെയ്തു. കുടമാളൂർ കണ്ടെത്തിയ സ്ഥലത്തിനു ഉത്തരവു വരുത്തിയെങ്കിലും പട്ടേരി മുതലായവരു

ടെ വിരോധത്തൽ നടക്കാതെ ആയി. ഇങ്ങിനെ പല തിനാലും മനസ്സു തളർന്നു, അതിരമ്പുഴ കുരിശുപള്ളിപോലെ ഒരുകുമുള്ള ഒരു സ്ഥലമുണ്ടായാൽ അവിടെ അടുക്കുമായി ഇരുവരുംകൂടി പാർത്തു കാലം കഴിക്കാമായിരുന്നു എന്നുകൂടെ വിചാരിച്ചു. അപ്രകാരം ഒരാണ്ടിൽ അധികം വിഷാദത്തിൽ കഴിച്ചു. പിന്നെ സക്രത്താരിവേലയ്യൻ വേറിട്ട ആളെ അക്കിയും വച്ചു പുറപ്പെട്ട ഏറിയനാൾ ബുദ്ധിമുട്ടി കടശിയായി ഈ സ്ഥലം കണ്ടെത്തി. മണ്ടപത്തുംവാതുക്കൽ ഒളശ്ശെ മുതൽപിടിക്കാരൻ മുതലായവരുടെ സഹായത്താൽ മുമ്പിലത്തെ ഉത്തരവുതന്നെ ഇതിനു ഉപയോഗപ്പെട്ടത്തി. വിചാരണയും മറ്റും തരകന്റെ മുതൽ പേരുടെ സഹായത്താൽ നിറവേറി. തഹശീൽദാരുടെ സാധനവും വാങ്ങിച്ചും കൊണ്ടു് താൻതന്നെ കൊല്ലത്തിനുപോയി, പള്ളി വയ്ക്കുന്നതിനു കയ്യിൽ ഉത്തരവും വാങ്ങിച്ചുംകൊണ്ടു വന്നു. മൻപിനാലെ തന്നെ പ്രിയോരു കുറിയാക്കോസു ഏല്യാ അച്ചനും ഈ പിശാക്കളുടെ വേലയിൽ ഉൾപ്പെട്ടു് ഈ ദൈവവേലയ്ക്കായി പല യാത്ര കഴിച്ചു വളരെ ബുദ്ധിമുട്ടുകയും ഒന്നാമത്തെ കർബാനയിൽ അപേക്ഷിക്കയും പുത്തൻകർബാനചൊല്ലി കഴിഞ്ഞശേഷം കുറെനാൾ ചേന്നങ്കരി, പുളിംകുന്നു ഈ സ്ഥലങ്ങളിൽ താമസിച്ചു പള്ളിപ്പുറത്തു ചെന്നു, അവിടെനിന്നു് ഇങ്ങോട്ടു വന്നപ്പോൾ ഉത്തരവു കിട്ടിയിരിക്കയാൽ താമസപ്പെട്ടാൽ യോഗ്യം. ഇപ്പോൾതന്നെ വെട്ടിത്തെളിച്ചു കുരിശു വച്ചു കപ്പേളയ്ക്കു പണി തുടങ്ങണമെന്നു നിശ്ചയിച്ചു് ദൈവാശ്രയത്തൽ ചീട്ടും വാങ്ങിച്ചു വെട്ടിത്തെളിച്ചു. 1831—ാം കാലം മേടമാസത്തിൽ ഉയർപ്പിൻഞായ്ശേഷം ഷോഷത്തോടുകൂടെ കുരിശുംവച്ചു കപ്പേളയ്ക്കു പണി തുടങ്ങുകയും ചെയ്തു.

കുരിശു വച്ച ഷോഷത്തിനു കൂടിയിരുന്നതിൽ പാലാക്കാരൻ ഉള്ളാട്ടതറെ ശമ്മാച്ചന്റെ അനുജൻ ഒരു പൈതൽ ഉണ്ടായിരുന്നു. സന്ധ്യകഴിഞ്ഞ സമയം ലുത്തനിയാ ചൊല്ലിയ ഉടൻ അവന്റെ കാലിൽ ഏതാണ്ടു കടിച്ചപ്രകാരം അറിയിച്ചു. ഉഷ്ണവും പുകച്ചിലും വൃസനവും ഉണ്ടായി കാണുകയാൽ താഴത്തോട്ടു കൊണ്ടുപോകുവാൻ പറഞ്ഞു. നാലാറു മുഴുവട്ട നടന്നപ്പോൾ നടപ്പാൻ പാടില്ലാതെയാകയാൽ

ഒരുപ്രകാരം താഴത്തിറങ്ങി കളപ്പുരയിൽ ചെന്ന ഉടൻ പോ
രുകര അച്ചൻ ഹനുമാൻപെള്ളം അവന്റെമേൽ തളിച്ചുകൊ



മാതൃഭവനത്തിന്റെയും ദേവാലയത്തിന്റെയും ശിലാസ്ഥാപനം
പെ. ബ. പോളുകുരെ തോമ്മാ മല്പാൻ നിർവ്വഹിക്കുന്നു.

ണ്ടു് എല്ലാവരും അപേക്ഷിക്കണമെന്നും ധ്യാനകാരികളെ
ക്കൊണ്ടു യാതൊന്നും ചെയ്യിക്കണ്ടാ എന്നും പഠഞ്ഞതിന്മ

ണ്ണും ഒന്നും ചെയ്യാതെ സൌഖ്യമാകയുംചെയ്തു.

പെ. ബ. മെത്രാനച്ചൻ കളിപ്പാനായിട്ടു വന്നു് കടമാ
ളൂർ പാത്തിരിക്കുന്നതിനാൽ കല്ലിടുന്നതിനു് നല്ല സമയം
എന്നു നിശ്ചയിച്ചു ആ ഇടവം 11–ാംനു- അനുഗ്രഹത്തിനു
ടുത്തതായി മലമുകളിൽ തരകനോടു മേടിച്ച ഒരു മുളം കുറ്റി
നാലു കോട്ടയ്ക്കകളിൽ നിറുത്തി കെട്ടിമേഞ്ഞു പന്നമുകൊ
ണ്ടു രണ്ടു മുറിയായിട്ടു കത്തു മറച്ചു ആസ്ഥാനമാക്കി. അയതി
ൽ ഏകദേശപ്പെട്ട പിതാവു് ഒരു രാത്രി പാത്തു പിറ്റെദിവ
സം പെ. ബ. നോമ്മാച്ചന്റെ മനസ്സിനു മെത്രാനച്ചനും മ
ല്ലാനച്ചനും സമ്മതിച്ചു് യൌസേപ്പു പിതാവിന്റെ നാമ
ത്തിൽ കല്ലിടുകയും ചെയ്തു. അപ്പോൾ തന്നെ പിതാവിനെ
കടമാളൂരേക്കു യാത്രയാക്കുയുംവച്ചു, താൻ അതിരമ്പുഴ പോ
യി ചൊല്ലുകയും ചെയ്തു.

എന്നാൽ ഇതിനിടയിൽ ഈ കാര്യം പ്രമാണിച്ചു കഴി
ച്ച യാത്രകളും ചെയ്ത ബുദ്ധിമുട്ടു പ്രയാസങ്ങളും വളരെ അ
ധികമുണ്ടു. ഈ പന്തലിൽ പാത്തുകൊണ്ടും, അതിരമ്പുഴ
യും മറവും പോയി ചൊല്ലിക്കൊണ്ടു, എത്രയും ഉത്സാഹത്തോ
ടുകൂടെ കപ്പേള മുഖ്യമാക്കി അമ്പതാം പെരുനാളിൽ
അതിൽ ചൊല്ലി. ഒന്നാമതായി പിതാവിന്റെ തിരുനാ
ൾ ഘോഷമായി കൊണ്ടാടി. ഈ തിരുനാളിന്റെ രണ്ടു ദി
വസം മുമ്പു കറിയാക്കോസ് ഏലീശാ എന്ന ഈ എഴുത്തുകാ
രനും (അതിരമ്പുഴ യോഗത്തിനാൽ പാത്തുകൊണ്ടു സ്ഥലം അ
ന്വേഷിച്ചുപോൾ കൂടെ ഉണ്ടായിരുന്നു) തന്റെ സാമാനങ്ങ
ളായ മേശ, കസേര മുതലായ കുട്ടികൾ കൊണ്ടുവന്നപ്പോൾ
ജ്യേഷ്ഠന്മാരോടുകൂടെ വന്നു് കടമാസുകൊണ്ടു കത്തനാർ മു
തലായതും മറ്റും ഉണ്ടാക്കി. തിരുനാൾ കഴിഞ്ഞുടൻ പ
ഠിപ്പാനും തുടങ്ങി, പള്ളിവേലയും നടത്തി, അന്നുമുതൽ ഞാ
ൻ വൈദ്യമായിൽ തന്നെ പാത്തുവന്നിരുന്നു.


തങ്ങളുടെ അഗ്രഹം ഒരുപ്രകാരം നിറവേറിയ ഉടൻ ഈ
വരുടെ ഹൃദയത്തിൽ കത്തിജ്വരിഞ്ഞിരുന്ന ഭക്തിയുടെ
ജ്വാല പൊങ്ങുവാൻ തുടങ്ങി. അരുപിയുടെ നമസ്കാരങ്ങ
ളും, ധ്യാനങ്ങളും, നോയമ്പു, ഉറക്കമൊഴിച്ചിൽ എത്രയും നീ
ളിക്കപ്പെട്ട ഹദാർ നമസ്കാരം, മൂന്നുനോയമ്പിന്റെ നമസ്കാ
രം മുതലായതുകളും ഞായറാഴ്ച പെരുനാളുകളിൽ റാസ, പാ

ട്ടുകർമ്മാനമുതലായതുകളും പടിഞ്ഞാറും വിശേഷപ്പെട്ടനാ
ളുകളിൽ പാട്ടുകർമ്മാനമുതലായതുകളും ഉണ്ടായിരുന്നു. പ
ണിക്കാഴ്ത്തിൽ വേലക്കാരോട്ടുക്കുടെ വേലകൾ ചെയ്യുന്നും,
ചിലസമയം രാത്രിയിൽ, കുക്കാ, കല്ല്, മസ്മോറാ പാടി
കൊണ്ട് മുമക്കുന്നും, എല്ലാപ്പഴും പണിക്കാരുടെ അട്ട
കൾ ഓരോരുത്തരെ മാറാതെ വേല ചെയ്യിപ്പിക്കുന്നും ചെയ്തി
രുന്നു. യാവനസൂക്ഷിക്കുമ്പോൾ എതുയൊ ഞെരുക്കമായി
ട്ടും കിടപ്പാൻ സ്ഥലമില്ലാതെ മഹാ ബുദ്ധിമുട്ടായിട്ടും കഴി
ച്ചതു് എങ്ങനെ എന്നു ഓർത്താൽ എതുയൊ വിസ്മയം അ
യിരിക്കുന്നു.

വലുച്ചുള്ള ശരീരസൗഖ്യം ഇല്ലാതെയും ഇടയിടത്തിൽ
മുട്ടിച്ചു പാക്കാൻ പാടില്ലാതെയും, അന്നു പ്രായോരച്ചനു് ചെ
റുപ്പമാകകൊണ്ടും പുറത്തോട്ടു പുറപ്പെടുവാൻ ശീലമില്ലായ്കയാലും വേ
സ്റ്റെന്മാരിൽ പാത്തുകൊണ്ടു പണി നടത്തുകയും ചെയ്തി
രുന്നു. ഇതിനാൽ താൻതന്നെ മഹാ പരിശ്രമത്തോടെ സ്വ
വേലകളും അതായതു, ഉച്ചകർമ്മാനം, പടിഞ്ഞാറ്, പാട്ടുപൂജ,
റാസ മുതലായവകളും മറ്റു പള്ളിക്കടുത്ത കർമ്മങ്ങളും നടത്തി
യിരുന്നു. വഞ്ചിയും അതിനുവേണ്ട അനുസരികളും ഇല്ലാ
യ്കയാൽ മഹാ ബുദ്ധിമുട്ടോടുക്കുടെ എല്ലാ ഇടങ്ങളിലും ധർമ്മ
ത്തിന്നായി യാത്ര ചെയ്തിരുന്നു. വേലയുടെ നടപ്പിന്നുവേണ്ടി
വെറാക്ക, പാക്ക, ക്രൂട്ടുവനുള്ളതു കറെ നെല്ല മുതലായതുക്കു
ടെയും വേടിച്ചു പരുമാറായിരുന്നു. ഇതിനാൽ ഈ പണ്ടു
കാഴ്ത്തിന്റെ നടപ്പിന്നുവേണ്ടി തന്റെ അവസ്ഥയെ വിട്ടു
കൊണ്ടു കാട്ടിയ എളിമയും, ക്ഷമയും അനുഭവിച്ച ബുദ്ധിമുട്ട
കളും കഴിച്ചു യാത്രകളും എന്തുമാത്രമെന്നു വിവരിക്കുവതല്ല.

ഇങ്ങനെ മഹാ പ്രയാസത്തോടുക്കുടെ ഈ കൊവേന്തയു
ടെ വടക്കോട്ടുള്ള മുറിയും തീർത്തു പള്ളിയുടെ പണിയും ന
ടത്തി വരുമ്പോൾ പതർവാദ പ്രമാണിച്ചു ശീസ്മ ഉണ്ടായ
സമയം തെക്കേ ദിക്കിൽക്ക ദക്ഷഗാത്തായിരുന്ന പ്രൊ. ഫ്രൻ
ദീനോസു് മുപ്പച്ചനോടുക്കുടെ കൊല്ലം, കോട്ടാർ മുതലായ
ദിക്കിലേക്കു പോകണമെന്നു എ. പൊ. പൊ. ഖ പ്രാംസീ
സ്കു് ശൊയ്ർ മെത്രാനച്ചന്റെ കല്പന വരികയാൽ ഈ
കൊവേന്തക്കായും സ്വത്തും നടത്തിവരുന്ന അളിനെ മാറി
യാൽ ഈ വേല വീഴുമെന്നും ഇല്ലാതാക്കുന്നതിനുള്ള സൂത്രം

ഇതായിരിക്കുന്നു എന്നും, ഇതു ശത്രുക്കളുടെ വേലയാകുന്നുവെന്നും അതുകയാൽ സങ്കടം ബോധിപ്പിക്കണമെന്നും എല്ലാരും മുട്ടിച്ചാറെയും ഇതു ദൈവകല്പനയെന്നും ദൈവത്തിരുമനസ്സുപോലെ അതുകൊണ്ടു എന്നും പറഞ്ഞുകൊണ്ടു യാത്ര പുറപ്പെട്ടു. വലിയ യുദ്ധകാണ്ഡത്തിൽ കന്യകുമാരിപ്രദേശവും പോയി. ചെ



മാന്നാനം ആശ്രമദേവാലയം

യ്യു വേലകളും വിരോധികളാൽ ഉണ്ടായ ഞെരുക്കങ്ങളും ബുദ്ധിമുട്ടുകളും നടന്ന വഴികളും ആയതിനാൽ തിരുസ്സഭയ്ക്കു ഉണ്ടായ ഉപകാരങ്ങളും എത്രയും അധികമായിരിക്കുന്നു. ഈ യാത്രയിൽ പടർത്ഥയിലും ഗുണദോഷങ്ങളാലും മറവും വളരെ ജ്ഞാനപ്രയോജനം, ആയിടങ്ങളിൽ ചെയ്യുന്നും പതർവാ

വികാരി ആയിരുന്ന ഒരു പട്ടക്കാരൻ ലൂഡവിക്കോസ് ഒരു ശനിച്ചൻ ആ പള്ളി എട്ടത്താറെ ഏതാനും ജനങ്ങളേയുംകൂട്ടുടെഏറങ്ങാതെ പള്ളിയിൽഇരിക്കയാൽ ആ ദേഹത്തിനു മഹാറോൻ ചൊല്ലിയാറെയും അടങ്ങാതെ ചൊല്ലിവരികയാൽ ബഹുകലാപമായി നിർവ്വാഹമില്ലാതെ വിഷമിഷ്ടപ്പെട്ടിരിക്കുമ്പോൾ താൻ ചെന്നു ഗുണദോഷിച്ചു, അപ്പോൾ തന്നെ ആ ദേഹത്തെ ഇറക്കി സ്വദേശത്തേക്കു അയച്ചു. ഇങ്ങനെ പല വിശേഷ സംഗതികളും നടന്നിട്ടുണ്ടു. ഇതിനാൽ അന്നാൾ വരെയും കൊവേന്തക്കാരുടെമേൽ സന്തോഷം കാണിക്കാതിരുന്ന പ്രൊസീസ്സോസ് ശൌഹ്ർ മെത്രാപ്പോലീത്താച്ചനുഞങ്ങളുടെ ക്രൂട്ടത്തിന്മേലും വേലകളിന്മേലും സന്തോഷമായി.

ഏറെക്കുറെ രണ്ടു വർഷത്തോളം ബുദ്ധിമുട്ടിയതിനാലും പ്രമേഹശരീരമായിരുന്നതിനാലും സ്വസ്ഥാനം മുഴുവനും നീങ്ങി. ആ ചടപ്പോടെ വേസ്റൊമ്മായിൽ വന്നുചേർന്നു. മുൻപോലെ തന്റെ ഭാരങ്ങളൊക്കെയും ചുമന്നുകൊണ്ടു കൊവേന്തചട്ടങ്ങൾ ഒന്നു പുത്തനാക്കി. ആ കാലത്തിൽ തോപ്പിലച്ചനും വന്നു. കൊവേന്തക്കായിട്ടുവന്നു സിമ്മനാരിയിൽ പഠിച്ചുവരുന്നവരെ ആ ക്രൂട്ടത്തിൽനിന്നു മേർതിരിച്ചു അവക്കും ചില ക്രമചട്ടങ്ങൾ കൊടുത്തു. ഇതിനാൽ ചില വിരോധങ്ങൾ ഉണ്ടാകാതിരുന്നില്ല. ഇങ്ങനെ എല്ലാം കായ്ക്കുകളും നടന്നു വരികയിൽ എല്ലാറ്റിലും തന്റെ പിതാവും സഹിയുമായിരിക്കുന്ന പെ. ബ. പള്ളിപ്പറമ്പു തോമ്മാമല്പാനച്ചനു ദീനം വർദ്ധിച്ചു, എല്ലാപ്രയോഗങ്ങളുടെയും വേണ്ടിയതെല്ലാം നിറവേറ്റി. ക്രമാശങ്കളും കൈക്കൊണ്ടു 1841–ാംകാലം മകരമാസം 16—ാന്നു മരിക്കയാൽ തന്റെ ചുമടിന്റെ ഭാരം ക്രൂട്ടകയും തനിക്കു ശരീരസൌഖ്യവും ഇല്ലാതെ തീരുകയും ചെയ്തു. ഇതിനാൽ ഏറ്റവും വ്യസനിച്ചു എങ്കിലും ദൈവതിരുമനസ്സിനു കീഴ്വഴങ്ങി തന്റെ ശരണമെല്ലാം ദൈവത്തിൽവച്ചു. കവറടക്കത്തിനുള്ള പ്രസംഗവും താൻ പറഞ്ഞിട്ടു വേസ്റൊമ്മയിൽ വന്നുചേർന്നു.

അനന്തരം, പണി ഇതുയും ഒക്കെ അയല്ലൊ ചിലവിനായി യാതൊന്നും ഉണ്ടായിട്ടില്ലാത്തതിനാൽ കർബാനസ്സാ യി വസ്തുവെക്കണം. അങ്ങനെ ഒരു നടപ്പു ഉണ്ടാക്കണം എന്നു പെരുമാച്ചിൽ തരകൻ,അനുജൻ കൊച്ചുപോത്തൻമാപ്പിള

ഇവരുമായി ആലോചിക്കയാൽ അവരുതന്നെ ഒന്നാമതായി വെസ്റ്റയും ദൈവാനുഗ്രഹത്താൽ ആ വഴി തെളിഞ്ഞു പല രും കർത്താനസ്സു വെസ്റ്റയും ചെയ്തു.

പെ. പെ. ബ. മെത്രാപ്പോലീത്താച്ചനും ഇവരുടെമേൽ പ്രിയം അധികരിച്ചു കൽദായ സുറിയാനിക്കൂട്ടത്തിന്റെ തലവന്മാരും മല്പാന്മാരും പരീക്ഷക്കാരുമെന്നു വിശേഷാ ല്പ്പെട്ടതാൽ ഇവർക്കു പസ്സേന്തി കൊടുത്തു. ബ. കുഞ്ഞിരപ്പള്ളി ഇടവകക്കാരൻ പുത്തമ്പുരയിൽ കുഞ്ഞാക്കോ മല്പാനച്ചൻ മദ്ധ്യസ്ഥനായ ദേശങ്ങളിലൊക്കയും നടന്നു, കടശിയായി വന്നു ചേർന്നു. പ്രിയോരു ചാവറ അച്ചനും എല്ലാംകൊണ്ടും എല്ലായിടത്തും എല്ലാവരുടെ പക്കലും ശ്രുതിപെട്ടിരുന്നു. ഇല്ലേഹം മലയാളഭാഷയിൽ പുസ്തകങ്ങൾ അച്ചടിപ്പിക്കുന്നതിനു അതൃന്തം ബുദ്ധിമുട്ടി ആ വേല നടത്തി. ഇതിനു തോപ്പിൽ ഇക്കോച്ചൻ ഏറ്റവും സഹായിച്ചിരുന്നു.

1843-ാം കാലം ബ. അച്ചൻ ശ്രീ. കർത്താനയുടെ ഗുണവും ചൊല്ലി പടർത്തയും പറഞ്ഞു. പിറ്റേദിവസം മുതൽ പ്രമേഹം പെട്ടെന്നു വർദ്ധിച്ചു. പുഴുക്കിമാംസംവരെയും അധികംദിനമായി വർദ്ധിച്ചിരുന്നു. ഇതിനിടയിൽ ദൈവസ്തുതിയേയും ആത്മോപകാരത്തേയും ആഗ്രഹിച്ചു തുടങ്ങിയിരിക്കുന്ന ഈ വേല ശ്രദ്ധ. പള്ളി കൈക്കൊണ്ടു ഈ അപേക്ഷ നിറവേറി തരണമെന്നു അപേക്ഷിച്ചുകൊണ്ടു തങ്ങളെല്ലാവരേയും ഈ സ്ഥലത്തേയും മല. വികാരി അ. ആയളവിക്കോസു മെത്രാനച്ചനെ ഏൽപ്പിക്കുകയും സന്തോഷത്തോടെ ഭരമേല്പ്പയും സമസ്താശ്വാസങ്ങളും പ്രിയോരച്ചനെ ഏൽപ്പിക്കുകയും ചെയ്തുകൊണ്ടു മരണത്തിനു വിശേഷ ആസ്ഥപ്പാട്ട കൂട്ടിയിരുന്നു. വൈദ്യനെ കാണ്മാനായി കല്ലുക്കുട്ട പോയി അവിടെ കുറെനാൾ താമസിക്കയിൽ ഒരു ദിവസം ധനു 27—നു- രാത്രിയിൽ വിശേഷാൽ വായുവിന്റെ ഇളക്കവും ക്ഷീണവും കാണുകയാൽ ക്ലേലിപ്പുരയ്ക്കൽ ബ. മത്തായിക്കത്തനാരു കുമ്പസാരിപ്പിക്കുകയും യാത്രപ്രകാരമായി എന്റെ കയ്യാൽ ശ്രദ്ധ. കർത്താനയും എല്ലാ പട്ടക്കാരും ഉണ്ടായിരിക്കെ ഒട്ടകത്തെ ഒപ്പ് ശുദ്ധമായും കൈക്കൊണ്ടു പ്രിയോരച്ചനും സമീപമുള്ള പള്ളിക്കാരും വന്നുകണ്ടു. വൈദ്യനുമായി ആലോചിച്ചാറെ മുൻപറഞ്ഞു ബോധിച്ചിരിക്കു

ന്നതിൻവണ്ണം കൊടേന്തയ്യൂ പോകുവാൻ സമയമായിരിക്കുന്നു. ചെന്നു ചേരുന്നതിനകത്തു യാതൊരു ഭയത്തിനും ഇടയില്ലാ എന്നു പറഞ്ഞു. പ്രത്യേക ദൈവസഹായത്താൽ ഏഴന്നീറു പുരയുടെ വാതുക്കൽ ചെന്നു് അമ്മയോടും മറ്റും യാത്രപറഞ്ഞു ക്രമംപോലെ കയ്യും മുത്തി, യാതൊരു പകർച്ചയും കാണിക്കാതെ വഞ്ചിയിൽ കയറി. അന്നേദിവസം തന്നെ ഞങ്ങളെല്ലാവരും സൌഖ്യത്തോടെ മാന്നാനത്തിൽ വന്നുചേർന്നു. പിറേദിവസം കുറേ ആശ്വാസം തോന്നി. ഒരു ദിവസം കുമ്പസാരിച്ചു ശുദ്ധ. കർബാന കൈക്കൊണ്ടു വന്തീഞ്ഞിന്റെ ദോഷപ്പെടുതി കൈക്കൊള്ളുകയും താൻ ചൊല്ലുവാനുള്ളതൊക്കയും താൻതന്നെ ചൊല്ലുകയും ചെയ്തു. പിന്നെ മറെറാരുദിവസം ശുദ്ധ. കർബാന കൈക്കൊണ്ടു സൂപ്പ്മേശ്രം ഇട്ട മുട്ടിന്മേൽനിന്നുകൊണ്ടു എല്ലാവരുമായി മരണനേരത്തു ചൊല്ലുന്ന വഴിക്കാരായും അതിന്റെ അപേക്ഷകളും നിറവേറെറ കർത്താവിന്റെ വരവിനെ പാർത്തിരുന്നു. തന്റെ സ്നേഹിക്കപ്പെട്ട സഖി ആയ പ്രിയോരച്ചനുമായി എല്ലാ അസ്വസ്ഥപ്പാടും ചെയ്തിരിക്കയിൽ എട്ടാം തീയതി വ്യാഴാഴ്ച പകൽ ഒട്ടുകുറെ യാമത്തിൽ മരണമായ് തുടങ്ങി. സന്ധ്യസമയത്തിൽ കുമ്പസാരിച്ചു വ്യസനങ്ങൾ ഒക്കെയും എത്രയും ക്ഷമയോടെ സഹിച്ചിരുന്നു. ആ സമയത്തിനുള്ളത്ത സുകൃത ജപങ്ങളും ചൊല്ലിയിരുന്നു. സ. തോപ്പിലച്ചൻ ക്രൂശുക്രൂടെ ചൊല്ലികൊടുക്കയും, സമീപെ ആസ്വസ്ഥമാക്കിയിരുന്ന സ്വരൂപങ്ങളെ മുത്തുകയും സൂക്ഷിക്കുകയും ചെയ്തിരുന്നു. മഹാവ്യസനമായിരിക്കുന്നു, വ്യസനം കൂടിവരുന്നു എന്നല്ലാതെ സഹിപ്പാൻ വഹിയാത്തപ്രകാരം കുഴക്കുകയോന്നിയിരുന്നില്ല. ഒരു കുട്ടം തനിക്കായി പള്ളിയിൽ അപേക്ഷിച്ചിരുന്നു.


ഇങ്ങനെ ഇരിക്കയിൽ എല്ലാവരും നിൽക്കയിൽ പെട്ടെന്നു് താൻ ഒന്നു പകർന്നു എന്തു മണി ആയി എന്നു ചോദിച്ചു. പന്ത്രണ്ടു, മണി ആയിരിക്കുന്നു എന്നു പറഞ്ഞു ഉടൻ ഞാൻ അനുഭവിക്കുന്ന സങ്കടങ്ങൾ പ്രായശ്ചിത്തമായി നിശ്ചയിച്ചുകൊണ്ടു എന്റെ ദോഷങ്ങൾ, പോക്കിക്കൊള്ളണം എന്നു പറഞ്ഞുകൊണ്ടു മുട്ടിന്മേൽ താൻ ഇരിക്കുംവണ്ണം കട്ടിലേൽ ഒരുത്തൻ താങ്ങിക്കൊണ്ടിരിക്കുമ്പോൾ കയ്യെടുത്തു ചേർച്ചയായിട്ടു കുരിശുവരച്ചു, തുങ്ങപ്പെട്ട രൂപം മേടിച്ചു അ

ഒപ്പ മുറിവുകളേയും മുത്തിപ്രാപ്തിച്ചു. ദേവമാതാവിന്റെ സ്വരൂപവും സാവധാനത്തിൽ ഭക്തിയാൽ മുത്തിക്കൊടുത്തുടൻ തല ചായിച്ചു മിണ്ടാട്ടങ്ങി, മരണസമയം എന്നതോന്നി ഞങ്ങളെല്ലാവരും ദോഷം പോക്കി ദൈവം കൊടുത്തു അത്രയും നേരംകൊണ്ടു മരിച്ചു. ഇതുയും ഇട വേർതിരിവായിട്ടുണ്ടായിരുന്നു. ഇപ്രകാരം നാല്പത്താറാമത്തെ വയസ്സിൽ പരാക്രമ വേലയുടെ സമ്മാനം കൈക്കൊള്ളുവാനായി 1846-ാം കാലം മകരമാസം 8-ാംനു- വ്യാഴാഴ്ച 12 മണി രാത്രിയിൽ ഈലോകം വിട്ടുപിരിഞ്ഞു.

പിറേറദിവസം 9-ാംനു- വെള്ളിയാഴ്ച അന്നത്തെ മഴുദിനസ്സു തക്കവണ്ണം ശ്ലോഷത്തോടുകൂടെ ദിവസവും, ഒപ്പീസും പാടി മരിച്ചവരുടെ അഴിക്കു താഴെ നടുവിൽ ഈ ദേവാലയത്തിൽ ഒന്നാമതായിട്ടു പ്രിയോദരനുൻ മുതലായ സഹോദരരും ഏറിയ പട്ടക്കാരും ശമ്മാച്ചന്മാരും ബഹുജനങ്ങളും കൂടിയിരിക്കയിൽ ക്രൂ. കറിയാക്കോസ് ഏലീശാ എന്ന ഞാൻ ശേഷക്രിയ കഴിച്ചു കുഴിവെട്ടുക്കം ചെയ്തു. മറ്റുള്ള ക്രമങ്ങളും പതിവുപോലെ ഇവിടെ നടത്തി. ഇവിടെ നിന്നായിട്ടും വീട്ടുകാരിൽ നിന്നായിട്ടും ഏറെക്കുറെ നാല്പത്തറു റാസ ചൊല്ലി. ഇതിനും പുറമെ വീട്ടുകാരുടെയും ഇടവകക്കാരുടെയും താല്പര്യത്തിന്മേൽ മുപ്പതിന്റെ മുറയിൽ ശ്ലോഷമായ ഒരു ശേഷക്രിയ വീട്ടിലും നടത്തി.

എന്നാൽ ഈ ഭാഗ്യപ്പെട്ട ആത്മത്തിൽ കുഞ്ഞിയെരിഞ്ഞിരുന്ന ദൈവസ്നേഹവും അതിൽനിന്നു പുറപ്പെട്ട പരസ്നേഹവും അനുചഴിയായിട്ടു ചെയ്യുവന്നിരുന്ന പരാക്രമപുണ്യജീവിതവും ദൈവസ്തുതിക്കായിട്ടും പരോപകാരത്തിനായിട്ടും ആരംഭിച്ച ദർശനമഠവും ഇതിന്റെ നടപ്പിനായിചെയ്യ വേലകളും, ബുദ്ധിമുട്ടുകളും, സങ്കടങ്ങളും, നടന്ന വഴികളും, ചെയ്യ അപേക്ഷകളും എന്തുമാത്രം എന്നു സംക്ഷേപിപ്പാൻ പ്രയാസംതന്നെ. എങ്കിലും അല്പമായി ചിലതുകളെ കാണിക്കുന്നു തന്റെ തപസ്സു പുത്തൻകർമ്മന ചൊല്ലിയതുതൽ കാലത്തെ പള്ളിയിൽ പോയി കർമ്മന കാണുന്നു. നമസ്കാരങ്ങളും കർമ്മനയും കഴിഞ്ഞു കുഞ്ഞികുടിക്കുമ്പോൾ ഉച്ചയായിരിക്കും. ഞായറാഴ്ച പെരുന്നാൾ ദിവസത്തിൽ കർമ്മനയും പടിർത്ഥയും നമസ്കാരവും കഴിഞ്ഞു കുഞ്ഞി

കുടിക്കുമ്പോൾ ഒന്നര, രണ്ടു മണിയായിരിക്കും. ഈ കൊ
വേന്തക്കു കല്പിട്ടുകൊണ്ടു് പെ. ബ. മെത്രാനച്ചനെ യാത്ര
യാക്കിക്കൊണ്ടു അതിരമ്പുഴപള്ളിയിൽ പോയി കർഖാന
ചൊല്ലി മുട്ടിന്മേൽ നിൽക്കുന്നതിന്മേൽ വിസ്മയം തന്നെ.
രാസ എങ്കിൽ മുഴുവനും പതിനഞ്ചു രഹസ്യമെങ്കിൽ അ
തും മുട്ടിന്മേൽ നിന്നുകൊണ്ടു എത്തിച്ചിരുന്നു. രാത്രിയി
ൽ എല്ലാവരും കിടന്നാലും മേശയിന്മേൽ കൈയ്യ് കുത്തി
ക്കൊണ്ടു ഏറിയനേരം നമസ്കരിച്ചിരുന്നു. ഉറക്കൊഴിച്ചിൽ
സൂക്ഷിച്ചാൽ എത്ര രാവു് ചെന്നുകിടക്കുന്നു.



കാനോനികസന്യാസവ്രതാനുഷ്ഠാനത്തിന്റെ
കനകജൂബിലി സ്മാരകച്ചാപ്പൽ— 1855–1905.

മാന്നാനംകൊവേന്തയ്ടെ പ്രയോർ ഫെ. ബ. ഏലിയാസച്ചന് ആശീർവ്വാദം.

പോത്രുക്കര ഖ. തോമ്മാമല്പാനച്ചന്റെ മരണത്തിന്റെ ശതവാർഷികം സംബന്ധിച്ച് അദ്ദേഹത്തിന്റെ കബറിടംമുതലായ അവശിഷ്ടങ്ങൾ ചെമ്പുപെട്ടിയിലാക്കുന്ന ചടങ്ങിൽ സംബന്ധിക്കുന്നതിനു് തൽക്കാലം സൌകര്യമില്ലാത്തതിനാൽ തങ്കൾതന്നെ നമ്മുടെ പ്രാതിനിധ്യം വഹിച്ച് പ്രസ്തുത ചടങ്ങു നടത്തികൊടുക്കേണ്ടതാണു്.

എന്നു്

ചങ്ങനാശേരി ശ്ലൂഹതയുടെ മെയ്യാൻ

ചങ്ങനാശേരി
30th April 1946

James Kalacherry,

D C Archives
00051852
K90.2 P84

DHA
K
P
L